KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. FEBRUARY 2024. ₹5.00
VOL. 03 - ISSUE NO. 13 - DATE OF PUBLICATION 25TH FEBRUARY, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24

03
നീതി തേടുന്ന
മരാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ.

05
എം.എസ്.എം.ഇ. ഇടപാടുകളിൽ
15-45 ദിവസത്തിനകം പണം:
ഇല്ലെങ്കിൽ ആദായനികുതി
കണക്കാക്കി നികുതി.

07
സംസ്ഥാന ബജറ്റ്
പ്രഖ്യാപനങ്ങൾ നടപ്പിലാക്കണം.

08
സെക്ഷൻ 16 (4):
നികുതിദായകരുടെ
തലവര തെളിയുമോ?

11
വാഹന ഇൻഷുറൻസ്,
നിങ്ങൾ
അറിഞ്ഞിരിക്കേണ്ടത്!

12
ഹൃദ്യം, ഹരിതം
ഹൃദയം നിറച്ച്
ബാംബു ഫെസ്റ്റ്.

14
കേരള ബജറ്റ്:
കുതിച്ച് ഉയർന്ന്
വ്യവസായവും.

17
പ്രവാസി ഭദ്രത മെഗ,
പ്രവാസി സംരംഭകർക്ക്
കുറഞ്ഞ പലിശയിൽ
രണ്ടു കോടി വരെ വായ്പ.



# കേരളം മികവ് കാംക്ഷിക്കുന്ന വ്യവസായികളെ സൃഷ്ടിക്കുമോ?

FREEP!K
@rawpixel.com

Kerala:

# INVEST IN TOMORROW'S TASTE

- Dive into Kerala's flourishing food ecosystem.
- Sustainable, innovative and growth-driven.
- A blend of tradition, innovation, and unmatched potential.
- Join us to invest and redefine the future of food.
- Where flavour meets fortune.



## *RESPONSIBLE INDUSTRY, RESPONSIBLE INVESTMENT*

Visit website for more details:

ksidc.org

industry.kerala.gov.in

Toll Free Number

1800 890 1030

Invest Kerala

NATURE. PEOPLE. INDUSTRY.

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION FEBRUARY 2024 ₹ 5.00

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
V.K. Harilal (South Zone)
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

B. Jayakrishnan (Central Zone)
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

George Mundakkal (North Zone)
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
K.P. Ramachandran Nair
Mobile: 94470 17899

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

## എഡിറ്റോറിയൽ

# നീതി തേടുന്ന മരാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ



ഉദാരമായ സഹായവും പ്രവർത്തനവും കൊണ്ട് വ്യവസായങ്ങളെ ഇത്രയും പ്രോത്സാഹിപ്പിച്ച മറ്റൊരു സർക്കാരിനെ കേരളം ഇന്നോളം കണ്ടിട്ടില്ല. പുതിയ സംരംഭങ്ങൾക്ക് സഹായകരമായും, തകരുന്ന വ്യവസായങ്ങൾക്ക് താങ്ങായും എപ്പോഴും സർക്കാർ ഒപ്പമുണ്ട്. തികച്ചും സ്തുത്യർഹമായ നിലപാടുകൾ കൊണ്ട് സർക്കാർ വ്യവസായങ്ങളുടെ ബന്ധുവായി മാറിയെന്നത് എത്ര അഭിനന്ദിച്ചാലും മതിയാകാത്ത സത്യമായി നിലനിൽക്കുന്നു.

പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താൻ വൃക്ഷ സംരക്ഷണം ഒരു അനിവാര്യതയായി മാറിയപ്പോൾ, സുപ്രീംകോടതി, 2002 ഒക്ടോബറിൽ മരാധിഷ്ഠിത വ്യവസായം പുതിയതായി തുടങ്ങുന്നത് നിരോധിച്ചു കൊണ്ട് ഒരു വിധി പ്രഖ്യാപിച്ചു. അതിനു ശേഷം ഈ വ്യവസായത്തിന്റെ ഏക അവലംബം പ്ലാന്റേഷൻ മരങ്ങളും നാട്ടിൻപുറങ്ങളിലെ കാലാവധി കഴിഞ്ഞ മരങ്ങളും ഒടിഞ്ഞു വീഴുന്ന പാഴ് മരങ്ങളും മാത്രമായി തീർന്നു.

അതിനുശേഷം പ്ലാന്റേഷൻ തടികൾ ഉപയോഗിച്ച് വ്യവസായം തുടരാൻ അനുവാദം ഉണ്ടായി. പ്ലാന്റേഷൻ തടിയുടെ സ്ഥാനം കേരള ഗസറ്റിൽ റബർ തടി എന്ന് മാത്രമായി ചുരുങ്ങി. അതിനാൽ മറ്റു പ്ലാന്റേഷൻ തടിയുടെ ഉപയോഗം കുറ്റകരമായി തീർന്നു. മരാധിഷ്ഠിത വ്യവസായം നടത്തുന്നതിന് 2002 നു മുൻപ് വരെ വനം വകുപ്പിന്റെ ഫോറസ്റ്റ് NOC മാത്രം മതിയായിരുന്നു. ലൈസൻസിന്റെ ആവശ്യം പോലുമില്ലായിരുന്നു. പിന്നീട് ലൈസൻസും ഫീസും ഏർപ്പെടുത്തി.

പല യൂണിറ്റുകളും ലൈസൻസ് യഥാസമയം എടുക്കാത്തതിനാൽ സർക്കാർ കാലാവധി നീട്ടി കൊടുത്തു. എന്നാൽ 2023 നവംബർ നാലിന് ഇറങ്ങിയ അസാധാരണ ഗസറ്റ് വിജ്ഞാപനം 2002 നു മുമ്പ് ഉണ്ടായിരുന്നു മരാധിഷ്ഠിത യൂണിറ്റുകൾക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. കാലത്തിന്റെ മാറ്റത്തിന് സകല മേഖലകളും ആധുനികവത്കരിക്കേണ്ടതുണ്ട്, അത് അനിവാര്യം തന്നെ. മെഷിനറി മോഡണൈസേഷൻ കാലത്തിന്റെയും വ്യവസായത്തിന്റെയും ആവശ്യമാണുതാനും.

എന്നാൽ 2002നു മുൻപ് നിലവിൽ ഉണ്ടായിരുന്ന യൂണിറ്റുകൾക്ക് ലൈസൻസ് പുതുക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ ലൈസൻസ് ഫീ കൂടാതെ 'ഒറ്റത്തവണ ഫീസ്' കൂടി ചുമത്തി. എന്നാൽ അതാകട്ടെ യൂണിറ്റുകൾക്ക് താങ്ങാവുന്നതിനപ്പുറമാണ്. ഉദാഹരണമായി, രണ്ടായിരത്തിനു മുമ്പുള്ള പ്ലൈവുഡ്, വിനിയർ യൂണിറ്റുകൾക്ക് 2 ലക്ഷം രൂപയാണ് ഒറ്റത്തവണ ഫീസ്. സുപ്രീം കോടതിയുടെ നിരോധന ഉത്തരവിനു മുമ്പേ നിലവിൽ ഉണ്ടായിരുന്ന യൂണിറ്റുകൾക്കുമേൽ ഇത്തരം ഒരു ഭീമമായ One Time Fees ചുമത്തുന്നത് നീതീകരിക്കാൻ ആകുമോ?

വ്യവസായ വികസനം നയമായി സ്വീകരിച്ചിട്ടുള്ള ഒരു സർക്കാർ, ഇക്കാര്യം പരിഗണിക്കുമെന്ന വിശ്വാസത്തോടെ.

**എസ്. സലിം**
**ചീഫ് എഡിറ്റർ**



# South India's largest EPE Foam & Rexine Manufacturers

## Our Products



### Reflective EPE Foam for Roofing Insulation

We are having services of high-quality **Reflective EPE Foam** for roofing insulation material from Kerala. This is widely used in various organizations, including Heat Insulation, Steel Buildings, Metal Roof, Concrete Roof, Ceilings, HVAC, Building Insulation, Industrial, Commercial, and Institutional & Multi Purpose Buildings. **Reflective EPE Foam** for Roofing Insulation material comprises of quality raw material & having a good life span.



### EPE Foam Sheet

We have been engaged in providing premium range of **EPE Form Sheet**, which is widely admired among clients due to its softness and smooth sufrace finish. Offered sheet is widely demanded in various industries such as mattress manufacturing and packaging applications. Provided sheet is tested on various quality parameters for ensuring its durability. It is made under guidance of our professionals at highly advanced production unit. Moreover, clients can buy offered **EPE Foam Sheet** from us in various sizes as per their demand.



### EPE Rolls

**EPE Foam Roll**. This roll is manufcatured using fine grade expanded polyethylene with cutting edge techniques. Offered roll is mainly used for MATTRESS, furniture, upholstery and packing applications. Provided roll has a smooth surface, soft texture and optimum strength that prevent items from shock, impact and scratches. This roll is tested on different parameters for ensuring its durability. In addition to this, provided **EPE Foam Roll** is highly demanded in mattress and packaging idustry. It can be purchased from us at market leading prices.

+91 94460 34576
+91 88480 62122

featherlikefoam2021@gmail.com

Near KSIDC Industrial Park
Kanalpirivu, Pampampallam P.O.
Palakkad - 678621

**FEATHERLIKE FOAM PVT LTD**
Govt. Approved Industrial Estate

പ്രസിഡൻഷ്യൽ റിപ്പോർട്ട്



# എം.എസ്.എം.ഇ. ഇടപാടുകളിൽ 15-45 ദിവസത്തിനകം പണം:

## ഇല്ലെങ്കിൽ ആദായനികുതി കണക്കാക്കി നികുതി




സൂക്ഷ്മ ചെറുകിട എം.എസ്.എം.ഇ. സ്ഥാപനങ്ങളിൽ നിന്ന് ഉത്പന്നങ്ങൾ വാങ്ങിയാൽ അതിന്റെ പണം 15 ദിവസത്തിനകമോ പ്രത്യേക കരാർ ഉണ്ടെങ്കിൽ പരമാവധി 45 ദിവസത്തിനകമോ കൊടുത്തു തീർക്കണമെന്നാണ് ഭേദഗതി. സാമ്പത്തിക വർഷത്തിന്റെ അവസാനം എം.എസ്.എം.ഇ. കൾക്ക് കാലാവധിയിൽ കൂടിയ ദിവസങ്ങളിൽ പണം നൽകാനുണ്ടെങ്കിൽ അത് ഉത്പന്നം വാങ്ങിയ ആളുടെ വരുമാനമായി കണക്കാക്കി നികുതി ബാധകമാക്കി. വലിയ സാമ്പത്തിക ശേഷിയുള്ള കോർപ്പറേറ്റുകൾക്കു മാത്രമേ കുറഞ്ഞ ക്രെഡിറ്റ് കാലയളവ് അതി ജീവിക്കാൻ കഴിയുകയുള്ളു. ചെറുകിട വ്യവസായികൾക്ക് ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു.

ആദായ നികുതി നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഇനി ചെറുകിട വ്യവസായികളിൽ നിന്ന് (എം.എസ്.എം.ഇ.) സാധനങ്ങൾ വാങ്ങുമ്പോൾ 45 ദിവസത്തെ ക്രെഡിറ്റ് മാത്രം. ബില്ലിലെ തുക 45 ദിവസത്തിനകം നൽകിയില്ലെങ്കിൽ അത് വ്യാപാരിയുടെ ലാഭമായി കണക്കിൽപ്പെടുത്തി ആദായ നികുതി അടയ്ക്കേണ്ടി വരും. അതു തന്നെ 45 ദിവസം വരെ ക്രെഡിറ്റ് നൽകാമെന്ന് ഇടപാടുകാർ തമ്മിൽ പരസ്പരം രേഖാമൂലം കരാർ ഉണ്ടെങ്കിൽ മാത്രം കരാർ ഇല്ലെങ്കിൽ 15 ദിവസത്തിനകം പണം നൽകണം. 15-45 ദിവസങ്ങൾക്കകം കൊടുക്കാത്ത തുക ആ വർഷത്തെ വരുമാനത്തിൽ ഉൾപ്പെടുത്തി നികുതിയും സെസ്സും, സർചാർജ്ജും അടയ്ക്കേണ്ടി വരും. നിയമത്തിലെ 43 -ബി (എച്ച്) വകുപ്പ് പ്രകാരമാണിത്. ചെറുകിട വ്യവസായങ്ങളിലെ ബി 2 ബി ഇടപാടുകൾക്കാണ് ഇതു ബാധകം. ഏത് ഇടപാടിലേയും വിൽപനക്കാരന് (സെല്ലർ) നേട്ടമാണിത്. ഉൽപന്നം ഉണ്ടാക്കുന്നതിന് പലരിൽ നിന്നും അസംസ്കൃത വസ്തുക്കളും മറ്റും വാങ്ങിയതിന് പണം കൊടുക്കാനുണ്ടാകും. വേഗം പണം കൊടുത്ത് തീർക്കാൻ പുതിയ നിയമ ഭേദഗതി സഹായമാകും.

എന്നാൽ, വാങ്ങുന്നവർ (ബയർ) ഉത്പന്നം 15-45 ദിവസത്തിനകം വിറ്റില്ലെങ്കിൽ അവരുടെ പ്രവർത്തന മൂലധനത്തിൽ നിന്ന് സെല്ലർക്ക് പണം കൊടുക്കേണ്ട സ്ഥിതി വരുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. 15-45 ദിവസത്തിനകം വിറ്റു തീരുന്ന രീതിയിൽ സ്റ്റോക്ക് ക്രമീകരിക്കേണ്ടി വരും. ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ ഇക്കാര്യം അക്കൗണ്ടന്റുമാരും ശ്രദ്ധിക്കണം. മാർച്ച് 31 നകം പണം കൊടുത്തു തീർത്താൽ ആദായ നികുതിയായി കണക്കാക്കില്ലെന്ന് ഇക്കൊല്ലത്തേക്ക് ഇളവുണ്ട്. ചുരുക്കത്തിൽ ജി.എസ്.ടി. റജിസ്ട്രേഷൻ നമ്പറിനു പുറമേ ബില്ലുകളിൽ ഇനി എം.എസ്.എം. ഇ. റജിസ്ട്രേഷൻ നമ്പർ കൂടി ഉൾപ്പെടുത്തേണ്ടി വരും.

2024- 25 മൂല്യ നിർണ്ണയ വർഷത്തേക്ക് കേന്ദ്ര സർക്കാർ ഒരു പുതിയ നിയമം നടപ്പിലാക്കി, അതനുസരിച്ച് വാങ്ങുന്നവർ എം.എസ്.എം.ഇ. കളിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് ഡെലിവറി കഴിഞ്ഞ് 45 ദിവസത്തിനുള്ളിൽ പണമടയ്ക്കുകയും, 2024 മാർച്ച് 31 ന് മുമ്പ് എം.എസ്.എം.ഇ. കൾക്കുള്ള എല്ലാ കുടിശ്ശികകളും തീർക്കുകയും വേണം. നികുതി ചുമത്തപ്പെടുന്ന വരുമാനം ധനകാര്യ നിയമം 2023 ൽ, എം.എസ്.എം.ഇ. കൾ വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് 45 ദിവസത്തിനുള്ളിൽ പണമടയ്ക്കൽ ഉറപ്പാക്കുന്ന സെക്ഷൻ 43 ബി (എച്ച്) ധനമന്ത്രാലയം അവതരിപ്പിച്ചു. 2006 ലെ എം.എസ്.എം. ഇ. ഡി. നിയമത്തിലെ സെക്ഷൻ 15 പ്രകാരം നൽകിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ്. പെട്ടെന്നുള്ള പേയ്മെന്റുകൾ ഉറപ്പാക്കുന്നതിന്, ഫണ്ടിന്റെ പ്രശ്നങ്ങളിൽ ഉണ്ടാകുന്ന കാലതാമസം ഇനി എം.എസ്.എം.ഇ. കളെ ബാധിക്കില്ല.

എന്നിരുന്നാലും മൈക്രോ, സ്മാൾ മീഡിയം കാറ്റഗറിയിൽപ്പെട്ട വ്യവസായ യൂണിറ്റുകൾക്ക് ഭാവിയിൽ ഇപ്പോൾ പറഞ്ഞിരിക്കുന്ന 45 ദിവസമെന്നുള്ളത് ദോഷകരമായി ബാധിക്കുമെന്ന ഒരു ആശങ്ക നിലവിൽ വ്യവസായികൾക്കുണ്ട്.

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**





**CUREGARDEN®**

Bank Road, Alwaye, Kerala, India 683101

+91 484 4080450

www.curegarden.in | support@curegarden.in

INNOVATING NATURALLY

Since 1989

100+ International Patents | Customers in 60+ Countries | 1 Million + Consumers

വോയിസ് ഓഫ് ജനറൽ സെക്രട്ടറി



# സംസ്ഥാന ബജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കണം

വ്യവസായ മേഖലയ്ക്ക് പ്രതീക്ഷ നല്കുന്ന സംസ്ഥാന ബജറ്റ് പൊതുവെ സ്വാഗതാർഹമാണ്. വ്യവസായ – ധാതു മേഖലയ്ക്ക് 1729.13 കോടിയും ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് 773.09 കോടിയും നീക്കി വെച്ചിട്ടുണ്ട്. എം.എസ്.എം.ഇ. മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ മേഖലയ്ക്ക് ഗണ്യമായ തുക നീക്കി വെക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഇപ്പോൾ നീക്കി വെച്ച തുക തീരെ അപര്യാപ്തമാണ്. കഴിഞ്ഞ വർഷം 1,40,000 സംരംഭങ്ങൾ പുതിയതായി വന്നുവെന്ന് സർക്കാരിന്റെ അവകാശവാദം നടപ്പു വർഷങ്ങളിലും ഇതേ കണക്കിൽ സംരംഭങ്ങൾ വരാൻ സാദ്ധ്യതയുണ്ട്. അത്രയും സംരംഭങ്ങൾക്ക് സർക്കാർ വാദ്ഗാനം ചെയ്ത മൂലധന സബ്സിഡി നല്കണം. അതുപോലെ 25 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് നടപടിയായി. ഓരോ പാർക്കിനും അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വച്ച് നലകുമെന്നും വാഗ്ദാനമുണ്ട്. മൂലധന സബ്സിഡിയ്ക്കും സ്വകാര്യ പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, വാദ്ഗാനം ചെയ്ത ആനുകൂല്യങ്ങളും നല്കാൻ ഫണ്ടിന്റെ അഭാവം തടസ്സമുണ്ടാകാൻ സാദ്ധ്യതയുണ്ട്.

കെ.എസ്.ഐ.ഡി.സി. വ്യവസായ പാർക്കിന് 14 കോടി, മറ്റു 11 വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിന് മൊത്തം 47.60 കോടി രൂപ നീക്കി വെച്ചത് വ്യവസായ എസ്റ്റേറ്റുകളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമാകും. വ്യവസായ എജൻസികളായ കെ.എസ്.ഐ.ഡി.സി.ക്ക് 127.50 കോടിയും, കിൻഫ്രായ്ക്ക് 324.31 കോടിയും നീക്കി വെച്ചത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഗുണകരമാകും. സ്വകാര്യ പങ്കാളിത്തത്തോടു കൂടി ടൂറിസം മേഖലയുടെ വൻ വികസനം ലക്ഷ്യം വച്ചു കൊണ്ടുള്ളതാണ് മറ്റൊരു ശ്രദ്ധേയമായ നിർദ്ദേശം. പുതുതലമുറ വ്യവസായങ്ങളെയും സ്റ്റാർട്ട് അപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിന് മൂലധന/പലിശ സബ്സിഡി നല്കാനുള്ള പദ്ധതി, തുറമുഖത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി ആരംഭിക്കാൻ സാദ്ധ്യതയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനും അന്തർദേശീയ നിക്ഷേപ സംഗമം നടത്താനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. 3 വർഷത്തിനുള്ളിൽ 3 ലക്ഷം കോടി രൂപയുടെ നിക്ഷേപം കൊണ്ട് വരാനുള്ള പദ്ധതി എം.എസ്.എം.ഇ. മേഖലയെ ആകർഷിക്കാൻ വളരെയേറെ സഹായകരമാകും. ജി.എസ്.റ്റി. യ്ക്ക് മുമ്പുള്ള നികുതി കുടിശ്ശികക്കാരെ 4 സ്ലാബുകളാക്കി കുടിശ്ശിക നിവാരണത്തിന് ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് കൂടുതൽ ലഘൂകരിച്ച് സംരംഭകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കണമെന്നും ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**



# ചോദ്യോത്തര പംക്തി

## സെക്ഷൻ 16 (4): നികുതി ദായകരുടെ തലവര തെളിയുമോ?

**ചോദ്യം:** കേരളത്തിലെ പല ബിസിനസ് സംഘടനകളുടെയും ഭാരവാഹിയും, വർഷങ്ങളായി കേരളത്തിൽ പ്രവർത്തിച്ചു വരുന്ന ഫ്രൂട്ടോമാൻസ് എന്ന ബിസിനസ് സ്ഥാപനത്തിന്റെ ഉടമയുമാണ് ഞാൻ. എന്റെ സ്ഥാപനത്തിനും ഞാൻ ഭാരവാഹിയായ സംഘടനകളിലെ അംഗങ്ങളായ സ്ഥാപനങ്ങൾക്കുമെല്ലാം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിഷേധിച്ചു കൊണ്ടുള്ള ജി.എസ്.റ്റി. നോട്ടീസുകൾ വന്നുകൊണ്ടിരിക്കുകയാണ്. റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി കഴിഞ്ഞ്, സർക്കാർ നീട്ടി നൽകിയ തീയതികൾക്കുള്ളിൽ ലേറ്റ് ഫീ സഹിതം സമർപ്പിച്ച റിട്ടേണുകളിലൂടെ ഞങ്ങൾ ക്ലെയിം ചെയ്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, സെക്ഷൻ 16 (4) പ്രകാരം ഞങ്ങൾക്ക് ലഭിക്കാൻ അർഹതയില്ല, അതുകൊണ്ട് ആ ഇൻപുട്ട് ടാക്സ് ക്ലെയിം തുകയൊക്കെ പലിശ സഹിതം തിരിച്ചടയ്ക്കണം എന്നാണ് ഈ നോട്ടീസുകളെല്ലാം പറയുന്നത്. ചില സ്ഥാപനങ്ങൾക്ക് ഓർഡറുകൾ പോലും വന്നു കഴിഞ്ഞു. ജി.എസ്.റ്റി. നെറ്റ് വർക്കിന്റെ സാങ്കേതികക്കുഴപ്പങ്ങൾ ഉൾപ്പടെയുള്ള കാരണങ്ങൾ കൊണ്ട് ജി.എസ്.റ്റി. യുടെ ആദ്യ വർഷങ്ങളിൽ സമയത്തിന് റിട്ടേൺ സമർപ്പിക്കാൻ കഴിയാതെ പോയ വർക്കും ഇത്തരം നോട്ടീസുകൾ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. ജി.എസ്.റ്റി. നെറ്റ് വർക്കിന് പ്രശ്നമുണ്ടായിരുന്നു എന്ന് സർക്കാർ അംഗീകരിച്ചതിനു ശേഷമാണ് റിട്ടേൺ സമർപ്പിക്കേണ്ട തിയതി കഴിഞ്ഞതിനു ശേഷം കുറഞ്ഞ ലേറ്റ് ഫീയോടെയും ലേറ്റ് ഫീ പൂർണ്ണമായും ഒഴിവാക്കിയുമൊക്കെ റിട്ടേൺ സമർപ്പിക്കാൻ സർക്കാരുകൾ ബിസിനസുകാർക്ക് അവസരം തന്നത്. എന്നിട്ട് അപ്രകാരം സമർപ്പിച്ച റിട്ടേണുകൾ അടിസ്ഥാനമാക്കി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്യാനുള്ള അവസരം നിഷേധിക്കാൻ സർക്കാരുകൾക്ക് കഴിയുമോ? പ്രത്യേകിച്ചും സർക്കാരിന്റെ ഭാഗത്തുള്ള വീഴ്ചകൾ കൊണ്ട് ബിസിനസുകാർക്ക് റിട്ടേണുകൾ സമയത്തിന് സമർപ്പിക്കാൻ കഴിയാതെ പോയ സാഹചര്യങ്ങളിൽ, പല ബിസിനസ് സംഘടനകളുടെയും ഭാരവാഹി എന്ന നിലയിൽ ഈ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ കാര്യത്തിൽ തീരുമാന മൊന്നും സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ബിസിനസുകാർക്ക് എന്താണ് ചെയ്യാൻ സാധിക്കുക? എന്താണ് ഈ പ്രശ്നത്തിന് ഒരു പരിഹാരം?

**ടോം തോമസ്, ഫ്രൂട്ടോമാൻസ്, വെണ്ണല, കൊച്ചി**



അഡ്വ.കെ.എസ്.ഹരിഹരൻ

**ഉത്തരം:** ജി.എസ്.റ്റി. നിയമ സംവിധാനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നാണ് നികുതിയ്ക്ക് മേൽ നികുതി ഈടാക്കാനുള്ള സാഹചര്യം ഉണ്ടാകരുത് എന്നുള്ളത്. ജി.എസ്.റ്റി. സമ്പ്രദായത്തിൽ ഒരു വസ്തുവിന്റെയും സേവനത്തിന്റെയും വിൽപനവിലയെ നികുതി സ്വാധീനിക്കാൻ പാടില്ലാ എന്നാണ് ആഗോള തലത്തിലുള്ള ഒരു തത്ത്വം. നികുതിയ്ക്ക് മേൽ നികുതി വരാതിരിക്കുക. ഒരു വസ്തുവിന്റെ വിപണി വില നിശ്ചയിക്കുമ്പോൾ നികുതി നിരക്ക് ഒരു ഘടകമാകാതിരിക്കുക. ഇതൊക്കെ അന്തർദേശീയ തലത്തിൽ ഒരു രാജ്യത്തിന്റെ ബിസിനസ് സാദ്ധ്യതകളെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് അഥവാ ബിസിനസ്സ് ചെയ്യാനുള്ള സുഗമമായ സാഹചര്യം എന്ന മാനദണ്ഡത്തിൽ ഇന്ത്യ ആഗോളതലത്തിൽ വളരെയേറെ പിന്നിൽ നിൽക്കുന്ന സാഹചര്യത്തിൽ നിന്നും മുൻനിരയിലേക്ക് എത്താൻ ഇന്ത്യയ്ക്ക് തടസ്സമായി തുടരുന്ന ഒരു കാര്യം ഇന്ത്യയിലെ നികുതി വ്യവസ്ഥയുടെ സങ്കീർണ്ണതയാണ്. 2024 ലെ ബജറ്റ് അവതരിപ്പിച്ചു കൊണ്ട് ഇന്ത്യയിലാകമാനം ഒറ്റ നികുതി എന്നത് സർക്കാർ പ്രാവർത്തികമാക്കി എന്ന് കേന്ദ്ര ധനകാര്യമന്ത്രി അവകാശപ്പെടുമ്പോഴും ജി.എസ്.റ്റി. യെ പല സംസ്ഥാനങ്ങളും ഇപ്പോഴും

വ്യാഖ്യാനിക്കുന്നത് പല തരത്തിലാണ് എന്ന വസ്തുത സർക്കാരുകൾ സൗകര്യ പൂർവ്വം മറക്കുന്നു. നികുതി നിരക്കിൽ തന്നെ ആയിരത്തിലേറെ ക്ലാരിഫിക്കേഷ നുകൾ അഥവാ വ്യക്തമാക്കലുകൾ ഇതി നോടകം തന്നെ സർക്കാരുകൾ ഇറക്കിയിട്ടും, ജി.എസ്.റ്റി. നിയമത്തെ സംബന്ധിക്കുന്ന അനി ശ്ചിതത്ത്വങ്ങൾ ഇപ്പോഴും നില നിൽക്കുന്നു.

ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനു വദിക്കുക എന്നത് നികുതിയ്ക്കുമേൽ നികുതി ഈടാക്കപ്പെടുന്ന സാഹചര്യം ഉണ്ടാവാതിരിക്കാൻ ആഗോളതലത്തിൽ രാജ്യങ്ങൾ പിന്തുടർന്നു പോരുന്ന നികുതി നിയമ പ്രക്രിയയാണ്. പക്ഷേ ഇന്ത്യയിൽ ചരക്കു സേവന നികുതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കുന്നത് വളരെ കഠിനവും പലപ്പോഴും അപ്രാപ്യ വുമായ നിരവധി നിബന്ധനകളുടെ അടിസ്ഥാനത്തിലാണ്. സാങ്കേതിക കാരണങ്ങൾ പറഞ്ഞു കൊണ്ട് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിഷേധിക്കുന്നത് മറ്റു രാജ്യങ്ങളുടെ ചരക്കുസേവന നികുതി നിയമങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ വളരെ കൂടുതലാണ്. അതിനു കാരണം ഇന്ത്യയിൽ ചരക്കുസേവന നികുതി ഇനത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാനുള്ള നിബന്ധനകളിലെ പ്രശ്നങ്ങൾ തന്നെയാണ്. സെൻട്രൽ/ സ്റ്റേറ്റ് ജി.എസ്.റ്റി. ആക്റ്റുകളിലെ സെക്ഷൻ 16 (4) പറയുന്നതുപോലെ ഒരു പ്രത്യേക തീയതിക്കുള്ളിൽ (ഒരു നികുതിക്കാലയളവിനെ സംബന്ധിച്ച) ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാ ത്തവർക്ക് പിന്നീടൊരിക്കലും ആ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകില്ല. ജി.എസ്.റ്റി. ആക്റ്റുകൾ ഇപ്രകാരം നിഷ്കർഷിക്കുമ്പോൾ, ആ നിയമം വാച്യാർത്ഥത്തിൽ തന്നെ നടപ്പിലാക്കാൻ ബാദ്ധ്യതയുള്ള ഉദ്യോഗസ്ഥർക്ക്, തീയതി അണുവിട തെറ്റിപ്പോയ നികുതിദായകർക്ക്, അവർക്ക് എന്തു കാരണത്തിന്റെ പേരിലാണ് അപ്രകാരം നിശ്ചിത തീയതിയ്ക്കുള്ളിൽ ഐ.റ്റി.സി. എടുക്കാൻ കഴിയാതെ പോയത്? എങ്കിലും ഐ.റ്റി.സി. അനുവദിച്ചു നൽകാൻ സാധിക്കാതെ പോകുന്നത്? മറ്റൊരു ബിസിനസ്സുകാരന്റെയോ, പലപ്പോഴും ജി.എസ്.റ്റി.എൻ. ന്റെയോ സർക്കാരിന്റെ തന്നെയോ ഭാഗത്തുന്നിന്നുള്ള എന്തെങ്കിലും വീഴ്ചമൂലം നിശ്ചിത തീയതിയ്ക്കുള്ളിൽ ഐ.റ്റി.സി.എടുക്കാൻ പറ്റാതെ പോയ സത്യസന്ധരായ നികുതി ദായകർക്ക് പോലും വസ്തുതകളുടെ പിൻബലത്തിൽ കൊടുക്കാൻ ഇപ്പോൾ ഉദ്യോഗസ്ഥർക്ക് കഴിയുകയില്ല.

ജി.എസ്.റ്റി. നെറ്റ്‌വർക്കിന്റെ (GSTN) പരാധീനതകൾ, കുറവുകൾ, കുറ്റങ്ങൾ എന്നിവയെല്ലാം തന്നെ ഏഴാം വർഷത്തിൽ പോലും പൂർണ്ണമായി പരിഹരിക്കപ്പെടാത്ത ഒരു കാലഘട്ടത്തിൽ ജി.എസ്.റ്റി. യുടെ ഐ.റ്റി.സി. എടുക്കുന്നതിന് ഒരു സമയ പരിധി നിഷ്കർഷിക്കുന്നത് തികച്ചും അന്യായം തന്നെയാണ്. ജി.എസ്.റ്റി. ആക്റ്റുകളുടെ മേൽപ്പറഞ്ഞ സെക്ഷൻ 16 (4) പ്രാബല്യത്തിൽ കൊണ്ടുവന്ന സമയത്ത്, ജി.എസ്. റ്റി.ആർ–2, ജി.എസ്. റ്റി.ആർ–3 എന്നീ ഫോമുകൾ ജി.എസ്.റ്റി നെറ്റ് വർക്കിൽ ലഭ്യമാക്കിയിരുന്നു. തന്റെ സപ്ലെയർ തനിക്ക് നല്കിയ സപ്ലൈയുടെ പേരിൽ എത്ര രൂപ ജി.എസ്.റ്റി. ഇനത്തിൽ അടച്ചിട്ടുണ്ടെന്ന് ഓരോ നികുതി ദായകനും വളരെ വ്യക്തമായി മനസ്സിലാക്കാൻ പാക ത്തിനുള്ള ഒരു ഫോം ആയിട്ടാണ് ജി.എസ്.റ്റി നിയമനിർമ്മാതാക്കൾ ജി.എസ്.റ്റി.ആർ–2 എന്ന ഫോം വിഭാവനം ചെയ്തിരുന്നത്. ജി.എസ്.റ്റി.ആർ–3 ആകട്ടെ തന്റെ ഓരോ മാസത്തെയും ജി.എസ്.റ്റി. റിട്ടേൺ എപ്രകാരമാണ് എന്ന് ഓരോ നികുതി ദായകനും ഓട്ടോ പോപുലേറ്റഡായി തന്റെ ജി.എസ്.റ്റി. നെറ്റ് വർക്ക് പോർട്ട ലിൽ കാണാൻ സൗകര്യം ഒരുക്കുന്ന ഫോം എന്ന രീതിയിലാണ് വിഭാവനം ചെയ്തിരുന്നത്. പക്ഷേ സാങ്കേതിക പരിമി തികൾ മൂലം, ഏതാനും ദിവസത്തെ തൃപ്തി കരമല്ലാത്ത പ്രവർത്തനത്തിനുശേഷം ജി.എസ്. റ്റി.ആർ–2, ജി.എസ്.റ്റി.ആർ–3 എന്ന ഈ 2 ഫോമുകളും സർക്കാരിന് അനി ശ്ചിതകാലത്തേക്ക് മരവിപ്പിക്കേണ്ടി വന്നു. പിന്നീട് 2023 വരെയും ആ ഫോമുകൾ പ്ര വർത്തനക്ഷമമാക്കപ്പെട്ടില്ല. 2023 ഓടെ പാർലമെന്റ്, ജി.എസ്.റ്റി. ആക്റ്റുകളിലെ സെക്ഷൻ 41-ാം വകുപ്പ് ഭേദഗതി ചെയ്യുകയും, 42,43 എന്നീ വകുപ്പുകൾ എടുത്തു മാറ്റുകയും ചെയ്തു. ജി.എസ്. റ്റി.ആർ–2, ജി.എസ്. റ്റി.ആർ–3 ന്റെയും അടിസ്ഥാനമായ വകുപ്പുകളായിരുന്നു ഇവ മൂന്നും. ഇവ മൂന്നും ഭേദഗതി ചെയ്യ പ്പെടുകയും ചെയ്തതോടെ ജി.എസ്. റ്റി.ആർ–2, ജി.എസ്.റ്റി.ആർ–3 ഉം തിരിച്ചു കൊണ്ടുവരപ്പെടാനുള്ള എല്ലാ നിയമപര മായ സാദ്ധ്യതകളും ഇല്ലാതായിരിക്കുന്നു.

ജി.എസ്.റ്റി. സമ്പ്രദായം പ്രാബല്യത്തിൽ കൊണ്ടു വരുമ്പോൾ നികുതി ദായകർക്ക് ഓൺലൈൻ ആയി തുടർച്ചയായി ലഭ്യമാക്കും എന്ന് സർക്കാർ പാർലമെന്റിൽ ഉറപ്പ് നൽകിയ വിവരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു ജി.എസ്.റ്റി.ആർ–2 ഉം, ജി.എസ്.റ്റി.ആർ–3 ഉം നികുതി ദായകർക്ക് ലഭ്യമാക്കും എന്ന് സർക്കാർ വാക്കുനൽകിയ വിവരങ്ങൾ. ആ വിവരങ്ങൾ ഒരു നികുതിദായകന് ലഭ്യമാണെങ്കിൽ മാത്രമേ ഐ.റ്റി.സി. എടുക്കണമെങ്കിൽ പാലിക്കേണ്ടതായ സെക്ഷൻ 16 (4) കീഴിൽ പറയുന്ന നിബന്ധനകൾ പാലിക്കാൻ ആ നികുതിദായകന് കഴിയുകയുള്ളൂ. ഇപ്പോൾ സെക്ഷൻ 41 ൽ വരുത്തിയ മാറ്റത്തിലൂടെയും സെക്ഷൻ 42-ന്റെയും 43- ന്റെയും നീക്കം ചെയ്യലിലൂടെയും ആ വിവരങ്ങൾ നികുതിദായകന് ലഭ്യമാക്കാ നുള്ള തങ്ങളുടെ കടമയിൽ നിന്ന് സർക്കാർ കൈ കഴുകിയിരിക്കുകയാണ്. അപ്പോഴും സെക്ഷൻ 16 (4) ലെ നിബന്ധനകൾ അതു പോലെ തന്നെ തുടരുകയും ചെയ്യുന്നു. അതായത്, സിലബസ് മാറ്റമില്ലാതെ തുടരുന്നു എങ്കിലും, വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്കുകൾ നൽകാം എന്ന് ബൈലോ പ്രകാരം വാക്കു നൽകിയ ഒരു സ്കൂൾ, അദ്ധ്യയന വർഷം തുടങ്ങിയതിനു ശേഷം, ബൈലോ ഭേദഗതി ചെയ്ത് ടെക്സ്റ്റ് ബുക്ക് നൽകാനുള്ള തങ്ങളുടെ

ഉത്തരവാദിത്വം ഒഴിവാക്കുന്നു എന്നിട്ട് ടെക്സ്റ്റ്ബുക്കൊന്നുമില്ല, തന്നത്താനെ പഠിച്ച് പരീക്ഷയെഴുതിക്കോളണം അല്ലെങ്കിൽ തോൽപ്പിക്കും, എന്ന് വിദ്യാർത്ഥികളോട് പറയുകയും ചെയ്യുന്നു. (ഇവിടെ സിലബസ് സെക്ഷൻ 16 (4) ഉം, ബൈലോ പഴയ സെക്ഷൻ 41 ഉം, 43 ഉം, ടെക്സ്റ്റ് ബുക്കുകൾ ജി.എസ്. റ്റി.ആർ–2 ഉം ജി.എസ്.റ്റി.ആർ–3 ഉം, വിദ്യാർത്ഥികൾ നികുതി ദായകരും, സ്കൂൾ എന്ന സർക്കാരും, പാർലമെന്റും, അദ്ധ്യയന വർഷാരംഭം ജി.എസ്.റ്റി. യുടെ ആരംഭവും, പരീക്ഷ എന്നത് ഐ.റ്റി.സി. കിട്ടാനുള്ള ക്ലെയിമും ആയി സങ്കൽപ്പിക്കുക).

നികുതി ദായകന്റെ നികുതി എത്രയാണ് എന്ന് ഓട്ടോപോപുലേറ്റഡായി ജി.എസ്.റ്റി. നെറ്റ് വർക്ക് പോർട്ടലിലൂടെ മനസ്സിലാക്കാൻ പര്യാപ്തമായ കാര്യങ്ങളെല്ലാം എടുത്തുകളഞ്ഞതിനു ശേഷം അതിനു മുമ്പ് നില നിന്നിരുന്ന സെക്ഷൻ അതേപടി നില നിർത്തുന്നത് തീർച്ചയായും ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങളുടെ ലംഘനം തന്നെയാണ്. അതിനു പുറമേ, നികുതിയ്ക്കുമേൽ നികുതി ചുമത്താൻ പാടില്ലായെന്ന ആഗോള വ്യവസ്ഥയ്ക്കും എതിരാണ്. നികുതി ദായക സമൂഹത്തോടും അതു വഴി ഇന്ത്യൻ ജനതയോട് മുഴുവനായും പാർലമെന്റ് ചെയ്യുന്ന കൊടിയ വാദ്ഗാനലംഘനം കൂടിയാണിത്.

ജി.എസ്.റ്റി. നെറ്റ്‌വർക്കിന്റെ സാങ്കേതിക പിഴവുകൾ, ഓഖി, പ്രളയം മറ്റ് പ്രകൃതി ദുരന്തങ്ങൾ ഉൾപ്പടെയുള്ള കാരണങ്ങൾ മൂലം ജി.എസ്.റ്റി. റിട്ടേൺ സമർപ്പിക്കാൻ വൈകിപ്പോയവർക്ക് നീട്ടിയ തിയതിയ്ക്കുള്ളിൽ സാധുവായ റിട്ടേൺ സമർപ്പിക്കാൻ അവസരം നൽകിയ സർക്കാരുകൾ, സെക്ഷൻ 16 (4) ൽ പറഞ്ഞ സമയം കഴിഞ്ഞു പോയി എന്ന കാരണമുന്നയിച്ച് അതേ സാധുവായ റിട്ടേൺ പ്രകാരമുള്ള ഐ.റ്റി.സി. നൽകാൻ പറ്റില്ല എന്ന് പറയുന്നതും സെക്ഷൻ 16 (4) നിബന്ധനയുമായി ബന്ധപ്പെട്ട് സർക്കാരുകൾ ചെയ്യുന്ന മറ്റൊരു വിരോധാഭാസമാണ്. ഒരു നികുതി ദായകനെ സംബന്ധിച്ച് ജി.എസ്.റ്റി. റിട്ടേൺ സമർപ്പിക്കുന്നതിന്റെ പ്രധാന പ്രയോജനം ഐ.റ്റി.സി. എടുക്കാൻ സാധിക്കുക എന്നതാണെന്നിരിക്കേ, റിട്ടേൺ സമർപ്പിച്ചോളു, പക്ഷേ ഐ.റ്റി.സി. എടുക്കാൻ പറ്റില്ല എന്ന സർക്കാരുകളുടെ ഭാഷ്യം, തോക്ക് തരാം, പക്ഷേ അതുകൊണ്ട് വെടിയുണ്ട തീർക്കാൻ പാടില്ല എന്ന് ഒരു തമാശ സിനിമയിൽ നായകനോട് ഒരു പോലീസ് മേധാവി പറയുന്ന ഡയലോഗിനെ അനുസ്മരിപ്പിക്കുന്നതാണ്. വെടി വെയ്ക്കാൻ പറ്റില്ലെങ്കിൽ പിന്നെ എന്തിനാണ് സർ തോക്ക് തരുന്നത്, എന്ന് നായകൻ അവിടെ തിരിച്ചു ചോദിക്കുന്നുണ്ട്. അതു പോലെ ഐ.റ്റി.സി. എടുക്കാൻ പറ്റില്ലെങ്കിൽ പിന്നെ എന്തിനാണ് സർ റിട്ടേൺ സമർപ്പിക്കാൻ അവസരം തരുന്നത് എന്ന് സർക്കാരിനോട് ചോദിക്കുന്ന മാനസികാവസ്ഥയിലാണ് ഇന്ത്യയിലെ നികുതി ദായകർ. റിട്ടേൺ സമർപ്പിക്കാനുള്ള തീയതി നീട്ടി നൽകുന്ന എല്ലാ സാഹചര്യങ്ങളിലും ഐ.റ്റി.സി. ക്ലെയിം ചെയ്യാനുള്ള തീയതിയും നീട്ടിയതായി കണക്കാക്കപ്പെടണം എന്ന വ്യവസ്ഥ ചെയ്യുന്ന രീതിയിൽ ജി.എസ്.റ്റി. നിയമത്തിൽ ഭേദഗതി വരുത്തണം എന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു.

ചില ഹൈക്കോടതികൾ സെക്ഷൻ വിഷയത്തിൽ നികുതി ദായകർക്ക് അനുകൂലമായി വിധി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, ചില ഹൈക്കോടതികൾ സർക്കാരിന് അനുകൂലമായാണ് വിധി പുറപ്പെടുവിച്ചിട്ടുള്ളത്. കേരളാ ഹൈക്കോടതിയിൽ വന്ന സെക്ഷൻ 16 (4) സംബന്ധി ക്കുന്ന കേസുകളെല്ലാം ഒരു ബാച്ച് ആയി കേരളാ ഹൈക്കോടതി പരിഗണിച്ച ശേഷം ഇപ്പോൾ അവയ്ക്കുമേൽ വൈകാതെ വിധി പറയാനിരിക്കുകയാണ്. സുപ്രീം കോടതി മുമ്പാകെ സെക്ഷൻ 16 (4) വിഷയം ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ ആയി പരിഗണനയിൽ ഇരിക്കുന്നു. കോടതി സെക്ഷൻ 16 (4) ന്റെ സാധുതയുടെ വിഷയത്തിൽ സുനിശ്ചിതമായ ഒരു തീരുമാനം എടുത്തിട്ടില്ലാത്ത ഈയൊരു സമയത്ത് സർക്കാരുകൾ, ബിസിനസുകാരുടെ നിസ്സഹായാവസ്ഥയും അവകാശ ങ്ങളും മനസ്സിലാക്കി, ജി.എസ്.റ്റി കൗൺസിൽ തീരുമാനത്തിലൂടെ സെക്ഷൻ 16 (4) നികുതിദായകർക്ക് അനുകൂലമായ ഒരു ഭേദഗതി വരുത്തേണ്ടതാണ് എന്നാണ് ഈ ലേഖകൻ ഉൾപ്പടെയുള്ള നിരവധി ടാക്സേഷൻ പ്രൊഫഷണലുകളുടെ അഭിപ്രായം. ഈ ലേഖകൻ ഉൾപ്പടെ ഈ രംഗത്ത് ധാരാളം പേർ ഈ അഭിപ്രായം സർക്കാരുകൾ മുമ്പാകെ ബോധിപ്പിച്ചിട്ടും ഉണ്ട്.

ഈ കാര്യത്തിൽ നോട്ടീസുകളും ഓർഡറുകളും ലഭിച്ചു കൊണ്ടിരിക്കുന്ന താങ്കൾ ഉൾപ്പെടുന്ന ബിസിനസുകാർ എന്തു ചെയ്യണം എന്ന് ഇവിടെ ചോദിച്ചിരിക്കുന്ന ചോദ്യത്തിന് ലേഖകന്റെ മറുപടി, നോട്ടീസ് ലഭിച്ചവർ മറുപടി അയക്കുക, ഓർഡർ ലഭിച്ചവർ അപ്പീൽ നൽകുക, സർക്കാരുകൾ എത്രയും വേഗം തന്നെ ഈ കാര്യം ജി.എസ്.റ്റി. കൗൺസിലിൽ ചർച്ച ചെയ്യും എന്നാണ് ഈ ലേഖകന്റെ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുള്ളത്. നികുതി ദായകർക്ക് അനുകൂലമായ ഒരു തീരുമാനം അവിടെ നിന്നും പ്രതീക്ഷിക്കുന്നു. സുപ്രീം കോടതിയും ഹൈക്കോടതികളും അന്തിമ വിധികളിൽ നികുതിദായ കരുടെ അവസ്ഥ മനസ്സിലാക്കി ബിസിനസ്സ് സമൂഹം ആഗ്രഹിക്കുന്ന അനുകൂല നിലപാട് സ്വീകരിക്കാൻ തന്നെയാണ് സാദ്ധ്യത. താങ്കൾക്കും ബിസിനസ്സുകാർക്കും സമാധാനമുണ്ടാക്കുന്ന ഒരു തീരുമാനം തന്നെ സർക്കാരിന്റെയും കോടതികളുടെയും ഭാഗത്തു നിന്ന് ഉണ്ടാകട്ടെ. കുറഞ്ഞ പക്ഷം 2019–20 വരെയുള്ള കാലയളവ് വരെയെങ്കിലും സെക്ഷൻ 16 (4) ന്റെ നിഷ്കർഷതയിൽ ഇളവ് പ്രഖ്യാപിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം. ■

**അഡ്വ. കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM
**ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ**
**✆ 9846227555, 7902443188, 7907000401**

# വാഹന ഇൻഷുറൻസ്, നിങ്ങൾ അറിഞ്ഞിരിക്കേണ്ടത്!



വിശ്വനാഥൻ ഒടാട്ട്

വാഹന ഇൻഷുറൻസിന്റെ അടിസ്ഥാന കാര്യങ്ങൾ അറിഞ്ഞിരുന്നാൽ മാത്രമെ ശരിയായ രീതിയിൽ ഇൻഷുർ ചെയ്യാനും ക്ലെയിം ചെയ്യുവാനും സാധിക്കു. ഒരു വാഹനം ഇൻഷൂർ ചെയ്യുമ്പോൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**വാഹനത്തിനുണ്ടാവുന്ന നഷ്ടം:** തീപിടുത്തം, പൊട്ടിത്തെറി, ഭൂമികുലുക്കം, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, ഉരുൾപൊട്ടൽ, എന്നീ പ്രകൃതി ദുരന്തങ്ങൾ മൂലമോ, മനുഷ്യർ മൂലമോ, ദുരന്തങ്ങൾ മൂലമോ വാഹനത്തിനോ അതിന്റെ അനുബന്ധ ഭാഗങ്ങൾക്കോ ഉണ്ടാവുന്ന നഷ്ടത്തിനും, കേടുപാടുകൾക്കും കവറേജ് നൽകുന്നുണ്ട്. മനുഷ്യർ മൂലമുണ്ടാകുന്ന ദുരന്തങ്ങളുടെ പട്ടികയിൽ കൊള്ള, മോഷണം, കലാപം, സമരം ഭീകര പ്രവർത്തനം പുറത്തു നിന്നുള്ള കാരണങ്ങളാലുള്ള കലാപം, സമരം, ഭീകര പ്രവർത്തനം, പുറത്തു നിന്നുള്ള കാരണങ്ങളാലുള്ള അപകടം എന്നിവ ഉൾപ്പെടുന്നു. റോഡ്, റെയിൽ, ജലം, വായു എന്നീ മാർഗ്ഗങ്ങൾ വഴിയോ ലിഫ്റ്റ്, എലിവേറ്റർ എന്നിവ വഴിയോ വാഹനം കൊണ്ടു വരുന്നതിനിടയിൽ സംഭവിക്കുന്ന കേടുപാടുകൾക്കും കവറേജ് നൽകുന്നുണ്ട്. ഇന്ത്യൻ മോട്ടോർ താരീഫ് പ്രകാരമുള്ള തേയ്മാനം അഥവാ ഡിപ്രീസിയേഷന് വിധേയമായിട്ടായിരിക്കും വാഹനത്തിനും ഘടക ഭാഗങ്ങൾക്കും നിരക്ക് നിശ്ചയിക്കുക. ഇത് വർഷത്തിൽ ശരാശരി 5 % ആണ്. വാഹനം ഡ്രൈവ് ചെയ്യുന്ന സമയത്ത് ഉടമക്കുണ്ടാവുന്ന അപകടത്തിനും കവറേജ് ഈ പോളിസി ഉറപ്പ് നൽകുന്നു. ആവശ്യമെങ്കിൽ കൂടുതൽ തുകയ്ക്ക് യാത്രക്കാർക്ക് വ്യക്തിഗത കവറേജ് അധികം പ്രീമിയം അടച്ച് നേടാനുള്ള അവസരവും ഈ പോളിസിയിലുണ്ട്.



**തേർഡ് പാർട്ടി കവറേജ്:** വാഹനാപകടം മൂലം ഉണ്ടാവുന്ന നിയമപരമായ ബാദ്ധ്യതയിൽ നിന്നും വാഹന ഉടമക്ക് ലഭിക്കുന്ന സംരക്ഷണമാണിത്. അപകടം മൂലം മരണം, അംഗവൈകല്യം സംഭവിക്കുക, പരിക്കേൽക്കുക എന്നിവയ്ക്ക് ഈ പോളിസിയിലൂടെ പരിരക്ഷ ലഭ്യമാവുന്നു. ഇത് തീർപ്പാക്കുന്നതിനായി ക്ലെയിം ലഭിക്കേണ്ട ആൾ മോട്ടോർ ആക്സിഡന്റെ ക്ലെയിം ട്രീബ്യൂണലിനെ സമീപിക്കേണ്ടതാണ്. ഇതു കൂടാതെ വാഹനാപകടം മൂലം വസ്തു വഹകൾക്ക് നാഷനഷ്ടം സംഭവിച്ചാലും വ്യക്തികൾ മരിക്കുകയോ മുറിപ്പെടുകയോ ചെയ്താലും വസ്തു വകകൾക്ക് നാശം സംഭവിച്ചാൽ ഉണ്ടാവുന്ന നിയമപരമായ ബാദ്ധ്യതയും പോളിസി സംരക്ഷണം നൽകുന്നു.

**നോ ക്ലെയിം ബോണസ്:** ക്ലെയിം ഇല്ലാത്ത വർഷങ്ങളിൽ പോളിസി പുതുക്കുമ്പോൾ നിങ്ങളുടെ വാഹനത്തിന് നോ ക്ലെയിം ബോണസിന് അർഹതയുണ്ട്. നോ ക്ലെയിം ബോണസിന് അർഹതയുണ്ടെങ്കിൽ നിലവിലുള്ള കമ്പനിയിൽ നിന്നു മാറി മറ്റൊന്നിൽ നിന്നും പോളിസി വാങ്ങിയാലും ഈ ആനുകൂല്യം പൂർണ്ണമായും ഉപയോഗപ്പെടുത്താം.

**ഇൻഷൂർ ചെയ്യേണ്ട തുക:** ഇൻഷേർഡ് ഡിക്ലയർഡ് വാല്യു (ഐ.ഡി.വി) എന്ന് വിളിക്കുന്ന നിശ്ചിത തുകയ്ക്കാണ് വാഹനം ഇൻഷൂർ ചെയ്യുന്നത്. വാഹന നിർമ്മാതാവിന്റെ പട്ടികയിൽ ഉൾപ്പെടുന്ന വിൽപന വിലയോട് ആക്സസറികളുടെ വില കൂട്ടിയ ശേഷം അതിൽ നിന്നും ഇന്ത്യൻ മോട്ടോർ താരീഫ് പ്രകാരം ഓരോ വർഷമുള്ള തേയ്മാനച്ചെലവ് കിഴിച്ച ശേഷമാണ് ഈ തുക നിശ്ചയിക്കുക.

**ഇൻഷുറൻസ് കമ്പനി ഏത് വേണം:** ഏറ്റവും മികച്ച കമ്പനി തെരഞ്ഞെടുക്കാൻ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കുക. വിശ്വാസയോഗ്യത, സേവന ഗുണമേന്മ, ഉപഭോക്താക്കളോടുള്ള സമീപനം, പ്രാദേശികമായ സേവന ശൃംഖല, ക്ലെയിം തീർപ്പാക്കുന്ന സമയപരിധി പോളിസി ഇഷ്യൂ ചെയ്യുന്ന സമയ പരിധി ഉപഭോക്താവിന്റെ ആവശ്യങ്ങൾ മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള അറിവും കഴിവും എന്നിവയെല്ലാം താരതമ്യം ചെയ്തശേഷം ഏറ്റവും മികച്ച കമ്പനി വേണം തെരഞ്ഞെടുക്കുവാൻ.

**പോളിസി തെരഞ്ഞെടുക്കേണ്ട വിധം:** ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക് ലഭ്യമാവാൻ വിവിധ കമ്പനികളുടെ പ്രീമിയം നിരക്ക് താരതമ്യം ചെയ്യേണ്ടതാണ്. പോളിസിയിലെ നിബന്ധനകൾ ക്ലെയിം നൽകാത്ത കവറേജ്, ക്ലെയിം തീർപ്പാക്കുന്ന രീതി, നടപടി ക്രമം, സമയപരിധി, തേയ്മാനം കണക്കാക്കുന്ന രീതി, സ്ലാബ്, പോളിസി എക്സസ്, പ്രൊപ്പൊസൽ ഫോമിലെ ചോദ്യങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ്, ക്ലെയിം, ഫോം പൂരിപ്പിക്കാൻ സഹായിക്കുന്നതിനുള്ള കഴിവ് ക്ലെയിം രഹിത വർഷത്തിൽ ലഭിക്കേണ്ട ബോണസ് പാക്കേജ് പോളിസികളിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇൻഷൂറൻസ് ട്രാൻസ്ഫർ, ക്യാൻസൽ ചെയ്യേണ്ട നടപടിക്രമങ്ങൾ, ക്യാഷ് ലെസ് സെറ്റിൽമെന്റ്, നോ ക്ലെയിം ബോണസ്, പുതുതായി വാങ്ങുന്ന വാഹനത്തിലേക്ക് മാറ്റുന്ന രീതികൾ എന്നിവ പരിഗണിക്കേണ്ടതാണ്. ഇന്ത്യയിൽ ഇന്ന് വിവിധ കമ്പനികൾ തേയ്മാനമില്ലാത്ത പോളിസി ഒരു ഡസനിലധികം വിവിധ ആനുകൂല്യങ്ങൾ നൽകുന്ന പാക്കേജ് പോളിസികൾ പുറത്തിറക്കിയിട്ടുണ്ട്. എന്നാൽ ഓരോ ആനുകൂല്യങ്ങളും ലഭ്യമാവണമെങ്കിൽ ഇതിനെല്ലാം അധിക പ്രീമിയവും നൽകേണ്ടതുണ്ട്.

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333**

20-ാമത് കേരള ബാംബൂ ഫെസ്റ്റ്

# ഹൃദ്യം, ഹരിതം
## ഹൃദയം നിറച്ച് ബാംബൂ ഫെസ്റ്റ്



സൂരജ് എസ്.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കെബിപ്പ്

മഴയുടെ മൂളലങ്ങനെ ആസ്വദിച്ചു വരുമ്പോൾ എങ്ങുനിന്നോ മുളന്തണ്ടിലെ ഈണം ഒഴുകി വരും. കാതിനെ കുളിരണിയിക്കുന്ന ആ ശ്രുതിമാധുര്യം തേടി നടക്കുന്നതിനിടയിൽ നാവിൽ രസമുകുളം വിരിയി ക്കുന്ന നല്ല മൂളയരി പായസത്തിന്റെ മണം മുക്കിലേക്ക് തുളച്ചു കയറും. ഇനി അത് തേടി പോകാം എന്ന് വച്ചാൽ കരകൗശല വിദഗ്ധർ അണിയിച്ചൊരുക്കിയിരിക്കുന്ന മുള ഉത്പന്നങ്ങളുടെ വൈദഗ്ധ്യത്തിനു മുന്നിൽ നമ്മൾ അങ്ങനെ നിന്ന് പോകും. ആകെ മൊത്തത്തിൽ 2024 ജനുവരി 12 മുതൽ 17 വരെ മുള കൊണ്ടു തീർത്തൊരു അത്ഭുത ലോകം ആയിരുന്നു കേരള ബാംബു മിഷന്റെ നേതൃത്വത്തിലുള്ള 20-ാം മത് കേരള ബാംബു ഫെസ്റ്റിവൽ. മുളയുത്പന്നങ്ങൾ, മുള ഭക്ഷ്യവസ്തു ക്കൾ, മുളന്തൈകൾ മുതൽ മുളയധിഷ്ഠിത കലാ സാംസ്കാരിക പരിപാടികൾ വരെ ഒരു കുടക്കീഴിൽ ഒരുക്കി സന്ദർശകരുടെ മനം കവർന്നാണ് ബാംബൂ ഫെസ്റ്റിന് സമാപനം കുറിച്ചത്. വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനിൽ പ്രവർത്തിക്കുന്ന സംസ്ഥാന ബാംബൂ മിഷൻ, നാഷണൽ ബാംബു മിഷന്റെ പങ്കാളിത്തത്തോടെ എറണാകുളം, കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് ആറുദിവസങ്ങളിലായി സംഘടിപ്പിച്ച ഇരുപതാമത് കേരള ബാംബു ഫെസ്റ്റിന് വിജയകരമായ പരിസമാപ്തി കുറിച്ചത് മികച്ച സംഘടനാ മികവ് കൊണ്ടും സന്ദർശക പങ്കാളിത്തം കൊണ്ടും കൂടിയാണ്. മുള മേഖലയിൽ സുസ്ഥിര വരുമാനവും ശക്തമായ വിപണിയും ഉറപ്പാക്കാൻ മാർഗ്ഗങ്ങൾ ആരാഞ്ഞു കൊണ്ടുള്ള ദ്വിദിന ദേശീയ സെമിനാറടക്കം കെട്ടിലും മട്ടിലും പുതുമകൾ നിറച്ചാണ് ബാംബൂ ഫെസ്റ്റ് സന്ദർശകരെ വരവേറ്റത്.

സ്റ്റാളുകളുടെ എണ്ണത്തിൽ റെക്കോർഡിട്ട് ഇത്തവണ ത്തെ മേളയിൽ കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി 400 ൽ പരം കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും മുള മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ ഗവേഷണ സ്ഥാപനങ്ങളും ഭാഗഭാക്കായി. മുളക്കൊണ്ട് നിർമ്മിച്ച സുഷിര വാദ്യങ്ങൾ, വാൾ ഫൗണ്ടേഷൻ, ലാംബ് ഷെയ്ഡ്സ്, വിവിധ തരം മുള തൈകൾ എന്നിങ്ങനെ ഗോത്രപ്പെരുമ പേറുന്ന ബാംബു മാസ്ക് അടക്കം ലഭ്യമാകുന്ന 201 സ്റ്റാളുകളാണ് ഇക്കുറി മേളയിലൂണ്ടായിരുന്നത്. 4 ഫുഡ് കോർട്ടുകളും 2 നഴ്സറികളും പുറമെ. സ്റ്റാളുകളുടെ എണ്ണം 200 പിന്നിടുന്നത് ഇതാദ്യം. 3 ലൈവ് ഡെമോ സംവിധാനങ്ങളും മേളയുടെ ഭാഗമായി. കേരളത്തിൽ നിന്നും മിസോറാം, ത്രിപുര, നാഗാലാൻഡ്, അരുണാചൽ പ്രദേശ്, ഒഡിഷ, മദ്ധ്യപ്രദേശ്, ആസാം, മഹാരാഷ്ട്രാ, കർണാടക, മണിപ്പൂർ, എന്നീ 10 സംസ്ഥാനങ്ങളിൽ നിന്നുമായി നാന്നൂറോളം കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളുമാണ് ബാംബു ഫെസ്റ്റിന് മാറ്റേകിയത്. കരകൗശല ഉത്പന്നങ്ങളുടെ പ്രദർശനത്തിനായി പ്രത്യേക ഗാലറിയും മേളയിലൊരുക്കിയിരുന്നു. ജാപ്പനീസ് കരകൗശല വിദഗ്ദ്ധരുടെ സാന്നിദ്ധ്യമുണ്ടായെന്ന നേട്ടത്തോടെയാണ് 20-ാമത് മുള പ്രദർശന-വിപണന മേള സമാപനം കുറിച്ചത്.

പൊതുജനങ്ങൾക്ക് മുള കരകൗശല ഉത്പന്നങ്ങളുടെ നിർമ്മാണ രീതികൾ തത്സമയം നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും കലാകാരന്മാരോട് ആശയ വിനിമയം നടത്തുന്നതിനുമൊപ്പം വിപണന സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനും അവസരമൊരുക്കി യിരുന്നു. ഫെസ്റ്റ് ദിവസങ്ങളിൽ വൈകുന്നേരം മുള വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാ-സാംസ്കാരിക പരിപാടികൾക്കും വേദിയൊരുങ്ങി. ഉദ്ഘാടന ദിവസമായ ജനുവരി 12ന് വൈകുന്നേരം 6 മണി മുതൽ രാത്രി 9 മണി വരെയും തുടർന്നുള്ള ദിവസങ്ങളിൽ ജനുവരി 17 വരെ രാവിലെ 11 മുതൽ 9 വരെയുമായിരുന്നു മേളയുടെ സമയക്രമം. പ്രവേശനം സൗജന്യമായിരുന്നു.

### ഉദ്ഘാടനപെരുമയോടെ



സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന 20-ാമത് കേരള ബാംബൂ ഫെസ്റ്റ് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. ബാംബു മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികളുടെയും ക്ഷേമത്തിനു പ്രാമുഖ്യം നൽകിക്കൊണ്ടു പുതിയ ക്രമീകരണങ്ങൾ കൊണ്ട് വരുമെന്ന് ബഹു. മന്ത്രി പറഞ്ഞു. പ്രകൃതിദത്ത ഉത്പന്നങ്ങൾക്ക് ആവശ്യം വർദ്ധിതമാകുന്ന സാഹചര്യം കണക്കിലെടുത്താണ് നടപടികൾ കൈക്കൊള്ളുന്നത്. പുത്തൻ ഡിസൈനുകൾ ഇക്കുറി മേളയ്ക്കു മിഴിവേകി.

ഉദ്ഘാടന സമ്മേളനത്തിൽ ബഹു. എം.എൽ.എം. ടി.ജെ. വിനോദ് അദ്ധ്യക്ഷത വഹിച്ചു. എറണാകുളം മേയർ അഡ്വ. എം.അനിൽകുമാർ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കേരള ബാംബൂ മിഷൻ ഡയറക്ടറുമായ എസ്. ഹരികിഷോർ ഐ.എ.എസ്, സ്വാഗതവും നാഷണൽ ബാംബൂ മിഷൻ ഡയറക്ടർ ഡോ. പ്രഭാത് കുമാർ പ്രത്യേക പ്രഭാഷണവും നടത്തി. എറണാകുളം ജില്ല കളക്ടർ എൻ.എസ്. കെ. ഉമേഷ് ഐ.എ.എസ്, കൊച്ചി കോർപ്പറേഷൻ കൗൺസിലർ അഡ്വ. ദീപ്തി മേരി വർഗീസ് സംസ്ഥാന വ്യവസായ വാണിജ്യ അഡിഷണൽ ഡയറക്ടർമാരായ രാജീവ്. ജി., ഡോ.കൃപകുമാർ.കെ. എസ്.,കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂരജ്.എസ്., എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.ഐ. നജീബ് എന്നിവർ പങ്കെടുത്തു.

## മുള മേഖലയിൽ സുസ്ഥിര വിപണി സാദ്ധ്യതകൾ തേടി സമഗ്ര വികസന നിർദ്ദേശങ്ങളൊരുക്കി ബാംബൂ ദേശീയ സെമിനാർ.



വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി സംസ്ഥാന ബാംബൂ മിഷൻ/ കെ-ബിപ് നാഷണൽ ബാംബൂ മിഷന്റെ സഹകരണത്തോടെ സംഘടിപ്പിച്ച 20-ാമത് കേരള ബാംബൂ ഫെസിറ്റിന്റെ ഭാഗമായ ദ്വിദിന ദേശീയതല സെമിനാർ ആശയാവതരണങ്ങൾ കൊണ്ടും കരകൗശല കലാകാരന്മാരുടെ പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായിരുന്നു. സംസ്ഥാന വ്യവസായ വാണിജ്യ സംസ്ഥാന ബാംബൂ മിഷൻ ഡയറക്ടർ എസ്. ഹരികിഷോർ ഉദ്ഘാടനം ചെയ്ത സെമിനാറിൽ മുള മേഖലയിൽ സുസ്ഥിര വരുമാനവും ശക്തമായ വിപണിയും ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉരുതിരിഞ്ഞു.

കൊച്ചി മറൈൻ ഡ്രൈവ് താജ് വിവാന്ത ഹോട്ടലിൽ നടന്ന സെമിനാറിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ഹോർട്ടി കൾച്ചർ കമ്മീഷണറും നാഷണൽ ബാംബൂ മിഷൻ ഡയറക്ടറുമായ ഡോ. പ്രഭാത് കുമാർ മുഖ്യ പ്രഭാഷണം നടത്തി.കെ-ബിപ് സി.ഇ.ഒ. സുരജ് എസ് സ്വാഗത പ്രസംഗം നിർവഹിച്ചു. ത്രിപുര ബാംബൂ മിഷൻ ഡയറക്ടർ ബി. വിശ്വശ്രീ ഐ.എ.എസ്, യു.പി. ബാംബൂ മിഷൻ ഡയറക്ടർ ഇളങ്കോ കൃഷ്ണൻ ഐ.എഫ്.എസ്, സിക്കിം ബാംബൂ മിഷൻ ഡയറക്ടർ സുമൻ കുമാർ ശർമ്മ, ജാർഖണ്ഡ് ബാംബൂ മീഷൻ ഡ്യയറക്ടർ മുകേഷ് കുമാർ സിൻഹ, സംസ്ഥാന ബാംബൂ കോർപ്പറേഷൻ എം.ഡി. ബെനഡിക്റ്റ് വില്യം ജോൺസ് എന്നിവർ പ്രസംഗിച്ചു.

മുള വികസനത്തിന്റെ ദേശീയ പരിപ്രേക്ഷ്യം ബാംബൂ മേഖലയിലെ ഡിസൈൻ സമീപനം, പ്രതിസന്ധികൾക്ക് പരിഹാരം തുടങ്ങിയ വിഷയങ്ങളിൽ നടന്ന ഒന്നാം ദിവസത്തെ സാങ്കേതിക സെഷനുകളിൽ ദേശീയ ബാംബൂ മിഷൻ ഡയറക്ടർ ഡോ.പ്രഭാത്കുമാർ, ബെംഗളൂരു എൻ.ഐ.ഡി. ബാംബൂ സംരംഭ വിഭാഗം മേധാവി സി.എസ്. സുശാന്ത്, കെ യു. ലൈഫ് ട്രൈബൽ സ്റ്റാർട്ടപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.പി.എസ്. ശ്യാം എന്നിവർ പ്രഭാഷണം നടത്തി. സെമിനാറിന്റെ രണ്ടാം ദിനം ഏഴു സാങ്കേതിക സെഷനുകളും ചർച്ചയും ക്രോഡീകരണവും നടന്നു. സെമിനാർ മോഡറേറ്ററായ കെ.എഫ്.ആർ.ഐ. മുൻഡയറക്ടർ ഡോ. ശ്യാം വിശ്വനാഥ് ആമുഖ പ്രഭാഷണവും ചർച്ചകളുടെ ക്രോഡീകരണവും നിർവ്വഹിച്ചു. മുള മേഖലയുടെ വികസനത്തിൽ ബി.സി.ഡി.ഐ.യുടെ പങ്കിനെപ്പറ്റി ത്രിപുര ബി.സി.ഡി. ഐ.സി.ഇ.ഒ. ഡോ.അഭിനവ് കാന്ത്, കേരളത്തിൽ മുളയുടെ വ്യാപനവും വിജയഗാഥകളും എന്ന വിഷയത്തിൽ കെ.എഫ്.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.വി.ബി.ശ്രീകുമാർ, സുസ്ഥിര ജീവിതത്തിൽ മുളയുടെ പങ്കിനെപ്പറ്റി മഹാരാഷ്ട്ര കെ.ഒ. എൻ.ബി.എ.സി.എം.ഡി. സഞ്ജീവ് കാർപെ, പൂനെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബാംബൂ ഇന്ത്യയുടെ വിജയ ചരിത്രത്തെപ്പറ്റി സി.ഇ.ഒ. യോഗേഷ് ഷിൻഡെ ബാംബൂ ജ്വല്ലറിയെക്കുറിച്ച് അസം നീര സർമ ഫൗണ്ടേ ഷൻ ചെയർപേഴ്സൺ നീര സർമ എന്നിവർ പ്രഭാഷണം നടത്തി. ബെംഗളൂരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ബാംബൂ ആൻഡ് കെയിൻ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആദർത്തല, ത്രിപുര ഉറവ് വയനാട് തുടങ്ങിയ പ്രമുഖ സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ സെമിനാറിൽ പങ്കെടുത്തു.

### ആകർഷകമായി ലൈവ് ഡെമോ

ഇത് ഈസിയല്ലേ! നമ്മുക്കൊക്കെ അനായാസം ഉണ്ടാക്കാം എന്ന് പറഞ്ഞു നടന്നു നീങ്ങിയവർ ഒരല്പസമയം നിന്ന് ലൈവ് ഡെമോ കണ്ടിട്ട് പറഞ്ഞു. ഇത്തിരി പാടാണ് കേട്ടോ, അനായാസം അല്ല, ആയാസപ്പെടേണ്ടി വരും, ബാംബൂ ഫെസ്റ്റിനോട നുബന്ധമായി ഒരുക്കിയ തത്സമയ ഡെമോൺസ്ട്രേഷൻ സന്ദർശക ഹൃദയം കീഴടക്കി. പരിശീലനം സിദ്ധിച്ച വനിതാ കരകൗശല വിദഗ്ദർ മുള കരകൗശല ഉത്പന്നങ്ങളുടെ തത്സമയ നിർ




മ്മാണ രീതികൾ അവതരിപ്പിക്കുന്നത് കാണുന്നതിനും നിർമ്മാതാക്കളു മായി ആശയ വിനിമയം നടത്തുന്നതിനും നിരവധി പേരാണ് മേളയിലേക്ക് ഒഴുകിയെത്തിയത്. മുളയിൽ തീർക്കുന്ന പേനകൾ, മഴനീർത്തുള്ളി മുത്തുകൾ പൊഴിയുന്ന പ്രതീതി ജനിപ്പിക്കുന്ന മഴമുളി, കുട്ട നെയ്ത്ത്, ജ്വല്ലറി എന്നിവയുടെ നിർമ്മാണ രീതികളാണ് ലൈവ് ഡെമോയിൽ പരിചയപ്പെടുത്തിയത്.

മേളയുടെ ആകർഷകമായ അന്താരാഷ്ട്ര പ്രതിനിധികളുടെ സാന്നിദ്ധ്യവും ഈ വേദികളിൽ കാണാമായിരുന്നു. ജപ്പാന്റെ പ്രതിനിധികൾ തിരക്കൊഴിയുമ്പോഴെല്ലാം കേരളത്തിന്റെ തനത് കരവിരുത് കാണാനെത്തിയിരുന്നു.

### സ്നേഹപൂർവ്വം ജപ്പാൻ

ഇക്കൊല്ലം ബാംബൂ ഫെസ്റ്റിവൽ വേദിയിൽ 2 പേർ നിറചിരികളോടെ സന്ദർശകരെ വരവേറ്റുകൊണ്ട് ചുവന്ന നിറത്തിലെ കമാനത്തോടുകൂടിയുള്ള സ്റ്റാളിന് മുന്നിൽ നിൽപ്പുണ്ടായിരുന്നു. ജപ്പാന്റെ സ്റ്റാളാണ് അവിടെ ഇനോവെ വാക്കുവും കയ്ഹസേഗാവയും മഡാക്കി (ജാപ്പനീസ് മുള) യുടെ ലോകത്തേക്ക് സന്ദർശകരെ കൂട്ടി കൊണ്ട് പോയി. സംസ്ഥാന ബാംബൂ മിഷന്റെ ക്ഷണപ്രകാരമാണ് ഇനൊവെ വാക്കുവും കയ്ഗസേഗാവയും 20-ാമത് കേരള ബാംബൂ ഫെസ്റ്റ് അതിഥികളായി കൊച്ചിയിലേക്കെത്തിയത്. മേളയിൽ



അങ്ങോളമിങ്ങോളം ഓടി നടന്ന് കലാകാരന്മാരെ പരിചയപ്പെട്ടും നിർമ്മാണ രീതികൾ മനസ്സിലാക്കിയും നിറയെ സംസാരിച്ചും ഫെസ്റ്റ് ദിനങ്ങൾക്ക് ഉത്സവഛായ പകർന്നാണ് ഇരുവരുടെയും മടക്കം. ജാപ്പനീസ് മുള ഉപയോഗിച്ചുള്ള കലാനിർമ്മിതികളാണ് പ്രധാനമായും ഇവരുടെ സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നത്.

ചായ, കോഫി, എന്നിവയ്ക്കുപയോഗിക്കുന്ന അരിപ്പകൾ, ഫ്രൂട്ട് ബാസ്റ്റേറ്റ്, സോബ എന്നയിനം ന്യൂട്ടിൽസ് കഴിക്കാനുപയോഗിക്കുന്ന കോപ്പ എന്നീ ങ്ങനെ മുളയിൽ തീർക്കുന്ന പരമ്പരാഗത ജാപ്പനീസ് നിത്യോപയോഗ സാധനങ്ങളായിരുന്നു ജാപ്പനീസ് സ്റ്റാളിലെ മുഖ്യ ആകർഷണങ്ങൾ. ജപ്പാനിൽ കൂടു തലായും മുളയുടെ പുറംഭാഗമാണ് കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനായി ഉപയോഗിക്കു ന്നത്. എന്നാൽ ഇന്ത്യൻ മുള ഉത്പന്നങ്ങളിൽ അങ്ങനെ യല്ലെന്നായിരുന്നു ഇരുവരുടെയും പ്രധാന നിരീക്ഷണം. കേരളവും ഇവിടത്തെ നാട്ടുകാരും ഒരുപാട് ഇഷ്ട്ടമായെന്ന് വ്യക്തമാക്കിയ ഇരുവരും ഇനിയും വരുമെന്ന് ഉറപ്പ് പറഞ്ഞാണ് മടങ്ങിയത്. ■

# കേരള ബജറ്റ്: കുതിച്ച് ഉയർന്ന് വ്യവസായവും.



എസ്. ഹരി കിഷോർ ഐ.എ.എസ്

സംസ്ഥാനത്തിന്റെ വ്യവസായ കുതിപ്പിന് കൂടുതൽ ഉണർവേകുന്നതാണ് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ്. കേരളത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഗ്രാമീണ ചെറുകിട വ്യവസായങ്ങൾ കൂടുതൽ ശക്തമാക്കാനുമുള്ള നിരവധി പദ്ധതികളാണ് ബഹു. ധനകാര്യവകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ അവതരിപ്പിച്ചത്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.), കിൻഫ്ര, കേരള റബർ ലിമിറ്റഡ്, ബി.പി.ഇ., ബി.പി.ടി. തുടങ്ങിയ സ്ഥാപനങ്ങളുടെ ഇടത്തരം വൻകിട വ്യവസായങ്ങളുടെ പദ്ധതികളും ബജറ്റിൽ പരിഗണിക്കപ്പെട്ടു. ഇതിനൊപ്പം തന്നെ പ്ലാന്റേഷൻ മേഖലയ്ക്കും പരമ്പരാഗത വ്യവസായ മേഖലയ്ക്കും സർക്കാരിന്റെ കരുതൽ ബജറ്റിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ വ്യവസായങ്ങൾക്കും ധാതുക്കൾക്കുമായി 1729.13 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ ഇടത്തരം വൻകിട വ്യവസായങ്ങൾക്കായി 773.09 കോടി രൂപയും ഗ്രാമ ചെറുകിട വ്യവസായങ്ങൾക്കായി 443.33 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2000 യൂണിറ്റുകളെ ലക്ഷ്യമാക്കിയുള്ള സംരംഭക സഹായ പദ്ധതിക്ക് അനുവദിച്ച 58.50 കോടി രൂപയും നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തുന്ന പദ്ധതിയ്ക്ക് അനുവദിച്ച 5 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു.

കശുവണ്ടി മേഖലയ്ക്ക് 53.36 കോടി വകയിരുത്തിയതിനൊപ്പം കൈത്തറി യന്ത്രത്തറി വ്യവസായ മേഖലയ്ക്കായി 51.89 കോടി രൂപയും കയർ മേഖലയ്ക്കായി 107.64 കോടി രൂപയും അനുവദിച്ചിരിക്കുന്നു. ഖാദിഗ്രാമ വ്യവസായത്തിനായി 14.80 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കിൻഫ്രയ്ക്ക് അനുവദിച്ച 324.31 കോടി രൂപയിൽ പെട്രോ കെമിക്കൽ പാർക്കിന്റെ വിവിധ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾക്ക് മാത്രമായി 13 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയിലെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ സ്ഥിരം സൗകര്യം ഒരുക്കുന്നതിനായി എറണാകുളത്ത് കാക്കനാട് കിൻഫ്ര എക്സിബിഷൻ സെന്ററിന് 12.50 കോടി രൂപയും കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കായി 200 കോടി രൂപയും 11 വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി 30.60 കോടി രൂപയും കിൻഫ്രയ്ക്ക് അനുവദിച്ച തുകയിൽ ഉൾപ്പെടുന്നു.

സംസ്ഥാനത്തെ വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും നിക്ഷേപങ്ങൾ സുഗമമാക്കുന്നതിനുമുള്ള വിവിധ പദ്ധതികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എസ്.ഐ.ഡി.സി.) മാത്രം ബജറ്റിൽ 127.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മുൻ വർഷത്തെ അപേക്ഷിച്ച് ഇത് കൂടുതലാണ്. കെഎസ്ഐഡിസിയ്ക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ച 127.50 കോടി രൂപയിൽ സംസ്ഥാനത്തേക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള നിക്ഷേപ പ്രോത്സാഹന പ്രവർത്തനങ്ങൾക്ക് 22 കോടി രൂപയും സ്റ്റാർട്ടപ്പ് സപ്പോർട്ട് ഉദ്യമങ്ങൾക്കായുള്ള 'ഇന്നോവേഷൻ ആക്സിലറേഷൻ' പദ്ധതിയ്ക്ക് ആറ് കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ വനിതാ സംരംഭകർക്കും എം.എസ്.എം.ഇ.കൾക്കും സ്റ്റാർട്ടപ്പുകൾക്കും കൂടുതൽ പ്രയോജനമാകുന്നതാണ് ബജറ്റ്. വനിതാ സംരംഭകർക്ക് സംരംഭങ്ങൾ വിപുലീകരിക്കുന്ന പദ്ധതിയ്ക്കായി കെ.എസ്.ഐ.ഡി.സി.യ്ക്ക് രണ്ടര കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയിൽ എം.എസ്.എം.ഇ.കൾക്കും


















സ്റ്റാർട്ടപ്പുകൾക്കും പലിശ ഇളവ് നൽകുന്നതിനായി ഒൻപത് കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കോവിഡിന്റെ പ്രതിബന്ധങ്ങളെ മറികടക്കാൻ പ്രഖ്യാപിച്ച കോവിഡ്19 സമാശ്വാസ പദ്ധതിയ്ക്ക് ബജറ്റിൽ നാല് കോടി രൂപ പ്രഖ്യാപിച്ചത് കൂടുതൽ ആശ്വാസം പകരുന്നു. 2023 ലെ കേരള ഇൻഡസ്ട്രിയൽ പോളിസിയുടെ ഭാഗമായി സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപ സബ്സിഡി, ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇളവ്, സ്റ്റാമ്പ് ഡ്യൂട്ടി/രജിസ്ട്രേഷൻ ചാർജ് ഒഴിവാക്കൽ തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കെഎസ്ഐഡിസിയുടെ ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് 14 കോടി രൂപയും വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾക്ക് ഒൻപത് കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിന്റെ വിവിധ നിർമാണ പ്രവർത്തനങ്ങൾക്ക് 15 കോടി രൂപയും മെഡിക്കൽ ഡിവൈസ് പാർക്കിന് 20 കോടി രൂപയും ഉൾപ്പടെ ലൈഫ് സയൻസ് പാർക്കിന് 35 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ഭാവികേരളത്തിൽ വ്യവസായ വകുപ്പിന്റെ പങ്ക് എത്രമാത്രം വലുതാണെന്ന യാഥാർത്ഥ്യബോധം ഉൾക്കൊള്ളുന്നതാണ് ഇത്തവണത്തെ ബജറ്റ്. സംസ്ഥാനത്ത് വ്യവസായ സൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. അന്താരാഷ്ട്ര തലത്തിലുള്ള വൻകിട കമ്പനികളും കേരളത്തിൽ അവരുടെ നിർമാണ ശാലകൾ ആരംഭിക്കാൻ കടന്നുവരുന്നു. ഉയർന്ന വളർച്ചാ സാധ്യതകളുള്ള 22 മേഖലകളിൽ നിക്ഷേപം, നവീകരണം, ഉൽപാദനം എന്നിവ വർധിപ്പിക്കുന്നതിനായി 'മേക്ക് ഇൻ കേരള' പദ്ധതി ആവിഷ്ക്കരിച്ചതും കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദവും സ്ഥായിയുമായ സാമ്പത്തിക വളർച്ച കൈവരിച്ച് നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് ഇനി സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കാൻ കൃത്യമായ ആസൂത്രണത്തിന്റെ പിൻബലത്തോടെ പുതിയ പദ്ധതികളും അവയ്ക്ക് വകയിരുത്തലുകളും ബജറ്റിൽ പ്രഖ്യാപിച്ചത് വലിയൊരു നേട്ടമാണ്. കേരളത്തിന്റെ വ്യാവസായിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകി ബഹു. ധനവകുപ്പ് മന്ത്രി അവതരിപ്പിച്ച ബജറ്റ് 'നിക്ഷേപ സൗഹൃദ കേരളം' എന്ന ലക്ഷ്യത്തിന് കൂടുതൽ കരുത്ത് പകരുകയും കേരളത്തിന്റെ വ്യവസായ മേഖല കൂടുതൽ ഉണർവോടെ മുന്നേറാൻ സഹായിക്കുകയും ചെയ്യുന്നതാണ്. ■

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**



# പ്രവാസി ഭദ്രത മെഗ

## പ്രവാസി സംരംഭകർക്ക് കുറഞ്ഞ പലിശയിൽ രണ്ടു കോടി വരെ വായ്പ

സാമാന്യം മെച്ചപ്പെട്ട നിക്ഷേപത്തോടെ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ആശ്രയിക്കാവുന്ന മികച്ച ഒരു വായ്പ പദ്ധതിയാണ് പ്രവാസി ഭദ്രത മെഗ. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) ആണ് പദ്ധതി നടപ്പിലാക്കുന്നത്. സൂക്ഷ്മ–ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിർവചനത്തിൽ വരുന്ന എല്ലാത്തരം പദ്ധതികൾക്കും വായ്പ അനുവദിക്കും. നോർക്ക റൂട്ട്സുമായി ചേർന്ന് പദ്ധതി നടപ്പിലാക്കി വരുന്നതിനാൽ അതിന്റെ പലിശ ഇളവ് ആനുകൂല്യങ്ങളും ലഭിക്കും.

### പദ്ധതി ആനുകൂല്യങ്ങൾ

- 25 ലക്ഷം രൂപ മുതൽ രണ്ട് കോടി രൂപ വരെയുള്ള പദ്ധതികൾക്കാണ് വായ്പ ലഭിക്കുക.
- പദ്ധതി ചെലവിന്റെ 50% സംരംഭകന്റെ വിഹിതവും ആയിരിക്കും.
- 5 വർഷം കൊണ്ടാണ് വായ്പ തിരിച്ചടയ്ക്കേണ്ടത്.
- ആദ്യത്തെ 4 വർഷം 5% പലിശയ്ക്ക് വായ്പ ലഭ്യമാക്കും. അടുത്ത വർഷങ്ങളിൽ 8.75% ആയിരിക്കും പലിശ.
- തിരിച്ചടവിന് 6 മാസത്തെ മോറട്ടോറിയം ലഭിക്കും. എന്നാൽ ഇത് പലിശയ്ക്ക് ബാധകമല്ല.
- ആദ്യത്തെ 4 വർഷത്തേക്ക് നോർക്കയിൽ നിന്നും പലിശ ഇളവ് ലഭിക്കുന്നതു കൊണ്ടാണ് 5% പലിശയിൽ വായ്പ ലഭ്യമാക്കുക.

### സെക്യൂരിറ്റി നിർബന്ധം

വായ്പ തുകയുടെ 1:3 മടങ്ങ് വില വരുന്ന ഭൂമി, കെട്ടിടം, മറ്റ് ആസ്തികൾ എന്നിവ ഈടായി നൽകേണ്ടി വരും.

### യോഗ്യത മാനദണ്ഡങ്ങൾ

- തിരിച്ചെത്തിയ എൻ.ആർ.കെ. (എൻ.ആർ.ഐ. ഉൾപ്പടെ) വിഭാഗത്തിൽ വരുന്നവർ ആയിരിക്കണം അപേക്ഷകർ.
- കുറഞ്ഞത് രണ്ടു വർഷത്തെ തൊഴിൽ പരിചയം വേണം.ഇത് നോർക്ക സാക്ഷ്യപ്പെടുത്തണം.
- ഉദ്യം രജിസ്ട്രേഷൻ നേടിയി ട്ടുള്ള കമ്പനികൾ, പാർട്ട്ണർഷിപ്പ്, പ്രൊപ്രൈറ്റർ, എന്നിവയ്ക്ക് അർഹതയുണ്ട്.
- വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം, യന്ത്രസാമഗ്രികൾ, ഇലക്ട്രിഫിക്കേഷൻ, മറ്റു സ്ഥിര ആസ്തികൾ, എന്നിവയ്ക്ക് മാത്രമാണ് വായ്പ ലഭിക്കുക. പ്രവർത്തന മൂലധനത്തിന് ഈ പദ്ധതി പ്രകാരം വായ്പ ലഭിക്കില്ല.
- ഉത്പാദന/സേവന സ്ഥാപനങ്ങൾക്ക് വായ്പ നൽകും.
- വ്യാപാര സ്ഥാപനങ്ങൾ, ഫാമുകൾ, കൃഷി റിയൽ എസ്റ്റേറ്റുകൾ എന്നിവയ്ക്ക് ലഭിക്കില്ല.
- സംരംഭങ്ങൾ കേരള സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നവ ആയിരിക്കണം.
- 650 നു മുകളിൽ സിബിൽ സ്കോർ ഉണ്ടായിരിക്കണം.



ടി.എസ്. ചന്ദ്രൻ

### അപേക്ഷ നേരിട്ട് സമർപ്പിക്കണം.

കെ.എസ്.ഐ.ഡി.സി. യുടെ വെബ്സൈറ്റിൽ നിന്നും അപേക്ഷ ഡൗൺലോഡ് ചെയ്തെടുത്ത് ഉപയോഗിക്കാം. വിശദമായ പദ്ധതി രൂപരേഖ, വസ്തു സംബന്ധമായ രേഖകൾ, മെഷിനറി, കെട്ടിടം ഇലക്ട്രിഫിക്കേഷൻ, എന്നിവയുടെ കൊട്ടേഷനുകൾ/എസ്റ്റിമേറ്റുകൾ മലിനീകരണ നിയന്ത്രണ നിക്ഷേപം, പവർ അലോക്കേഷൻ, ബിൽഡിങ് പെർമിറ്റ് തുടങ്ങിയവ ആവശ്യമായ കാര്യങ്ങളിൽ ഹാജരാക്കണം. കെ.എസ്.ഐ.ഡി.സി. നേരിട്ടാണ് വായ്പ അനുവദിക്കുന്നത് എന്നതിനാൽ ഈ പദ്ധതിയിൽ സംരംഭം തുടങ്ങാൻ എളുപ്പമാണ്. പ്രവർത്തന മൂലധന വായ്പയ്ക്ക് മറ്റ് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നു എന്നുള്ളതാണ് ഈ പദ്ധതിയുടെ വലിയ പോരായ്മ സബ്സിഡി സംബന്ധിച്ച് ഈ പദ്ധതി പ്രകാരം ഒന്നും പറയുന്നില്ല. ഉല്പാദന സംരംഭങ്ങൾക്ക് ലഭിക്കുന്ന ഇ.എസ്.എസ്. പ്രകാരമുള്ള സബ്സിഡിക്ക് അർഹത ഉണ്ടാകും.

**കൂടുതൽ വിവരങ്ങൾക്ക് www.ksidc.org**

## പ്രവാസികൾക്ക് നോർക്ക റൂട്ട്സിന്റെ സംരംഭകത്വ വായ്പ

മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വന്തം നിലയിൽ സംരംഭങ്ങളിൽ ആരംഭിക്കുന്നതിനു നിരവധി പദ്ധതികളാണ് സർക്കാർ നടപ്പാക്കി വരുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് നോർക്ക വഴി നടപ്പിലാക്കുന്ന എൻ.ഡി.പി.ആർ.എം.എന്ന് പറയുന്നത്. നോർക്ക റൂട്ട്സ് വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

പ്രവാസി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ട് നടപ്പാക്കിവരുന്ന ഒരു പദ്ധതി യാണിത്.

### പദ്ധതി ആനുകൂല്യങ്ങൾ

30 ലക്ഷം രൂപ വരെ ഈ പദ്ധതി പ്രകാരം ബാങ്കുകൾ വഴി വായ്പ അനുവദിക്കുന്നു.

ബാങ്ക് പലിശയാണ് വായ്പയ്ക്ക് ബാധകം ആയിട്ടുള്ളത്. എന്നാൽ ആദ്യത്തെ നാലു വർഷം 3 ശതമാനം പലിശ സബ്സിഡിയായി നോർക്ക റൂട്ട്സ് നൽകും.

15 ശതമാനം നിക്ഷേപ സബ്സിഡിയും ലഭിക്കും. ഇത് പരമാവധി 3 ലക്ഷം രൂപ വരെയാണ് ലഭിക്കുക.

### വ്യവസായ സ്ഥാപനങ്ങൾ

സേവന സംരംഭങ്ങൾ, കച്ചവടം, കൃഷി ഫാമുകൾ, വാഹനങ്ങൾ എന്നിങ്ങനെ സ്വന്തമായി ഒരു വരുമാനം നേടാവുന്ന ഏതുതരം ബിസിനസ്സുകൾക്കും വായ്പ ലഭിക്കുമെന്നുള്ളതാണ് പദ്ധതിയുടെ പ്രധാന ആകർഷകത്വം.

പ്രവാസികൾ ചേർന്ന് രൂപികരിക്കുന്ന സംഘങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

### മറ്റ് യോഗ്യതകൾ

കുറഞ്ഞത് 2 വർഷത്തെ പ്രവാസ സേവനം ആവശ്യമാണ്. നോർക്കയിൽ ഇത് രജിസ്റ്റർ ചെയ്യുകയും വേണം.

### അപേക്ഷകൾ ഓൺലൈൻ വഴി

അപേക്ഷകൾ ഓൺലൈൻ വഴി വേണം സമർപ്പിക്കാൻ. എല്ലാ ജില്ലകളിലും സിവിൽ സ്റ്റേഷനുകളോട് ചേർന്ന് നോർക്ക റൂട്ട്സിന്റെ ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്. ബാങ്ക് വഴിയാണ് അപേക്ഷകർക്ക് വായ്പ വിതരണം ചെയ്യുക. വായ്പ വിതരണം ചെയ്യുന്ന മുറയ്ക്ക് സബ്സിഡി ലഭ്യമാക്കും. ഇതുമായി ബന്ധപ്പെട്ട് ഒരു ഏകദിന പരിശീലന പരിപാടിയും നോർക്ക റൂട്ട്സ് നടപ്പാക്കി വരുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് norkaroots.net

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ**






# എല്ലാം ശരിയാകും
## സർട്ടിഫിക്കേഷൻ
## ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്

കൂടുതൽ വിവരങ്ങൾക്ക്

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

# അൽ റൂബ ബ്രാൻഡ് മസാല
## ലോക ശ്രദ്ധ നേടുന്നു



കെ. ബി. മുനീർ

ലോകമെമ്പാടും ഏറ്റവുമധികം ആളുകൾക്കിഷ്ടമുള്ള വിഭവം ഏതാണെന്ന് ചോദിച്ചാൽ ഒരു ഉത്തരമേയുള്ളു ചിക്കൻ. ഓരോ കാലഘട്ടത്തിനനുസരിച്ച് സമൂഹത്തിൽ പല തരത്തിലുള്ള ചിക്കൻ വിഭവങ്ങൾ ഉദയം ചെയ്യുകയും അസ്തമിക്കുകയും ചെയ്യും. എന്നാൽ എല്ലായിപ്പോഴും ജനങ്ങളുടെ ഇടയിൽ സൂപ്പർ സ്റ്റാർ ഫ്രൈഡ് ചിക്കൻ തന്നെയാണ്. ഫ്രൈഡ് ചിക്കനിൽ തന്നെ അനേകം വ്യത്യസ്ഥതകൾ നമ്മുടെ ഇടയിലുണ്ട്. അത്തരത്തിൽ താൻ നിർമ്മിച്ച അതീവ രുചികരമായ ഒരു ഫ്രൈഡ് ചിക്കൻ മസാലയുടെ കഥയാണ് അൽറൂബയുടെ സാരഥി കെ.ബി.മുനീറിന് പറയാനുള്ളത്. കാൽ നൂറ്റാണ്ടോളം ഗൾഫിൽ ആഗോള ഫാസ്റ്റ് ഫുഡ് ചെയിൻ മേഖലയിൽ ജോലി ചെയ്ത് പരിചയമുണ്ടായിരുന്ന മുനീറിന്, ഗൾഫിൽ ജോലി ചെയ്യുന്ന സമയത്ത് തന്നെ സ്വന്തമായി ഒരു ചിക്കൻ മസാല നിർമ്മിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അതുകൊണ്ടു തന്നെ തന്റെ പ്രവാസ ജീവിതത്തിനിടയിൽ ഒരു ഫ്രൈഡ് ചിക്കൻ മസാല ഉണ്ടാക്കുന്നതിനായി അദ്ദേഹം അനേകം പരീക്ഷണങ്ങൾ നടത്തി. തന്റെ ഗൾഫ് ജീവിതം അവസാനിപ്പിച്ച് തിരികെ നാട്ടിലെത്തിയപ്പോഴേക്കും അദ്ദേഹത്തിന്റെ സ്വപ്ന പദ്ധതിയായ ഫ്രൈഡ് ചിക്കൻ മസാലയുടെ രൂപികരണം ഏതാണ്ട് അന്തിമഘട്ടത്തിലേക്ക് എത്തിയിരുന്നു. നാട്ടിലെത്തി തന്റെ സുഹൃത്തിന്റെ റസ്റ്റോറന്റിൽ ജോലി ചെയ്യുമ്പോഴും അദ്ദേഹം തന്റെ ഫ്രൈഡ് ചിക്കൻ മസാലയുടെ പൂർണതയ്ക്കായി പരീക്ഷണം തുടർന്നു. അങ്ങനെ ഒടുവിൽ ആ ദിവസം വന്നു. നിരന്തരമായ പരീക്ഷണത്തിന്റെ ഫലമായി താൻ നിർമ്മിച്ച മസാല കൊണ്ട് മൂനീർ ഒരു ഫ്രൈഡ് ചിക്കനുണ്ടാക്കി. കഴിച്ചവർ എല്ലാവരും അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്തു.

Al Ruba
MADHUR FOOD PRODUCTS

പഠിക്കുന്നതിൽ മിടുക്കനും കഠിനാദ്ധ്വാനിയുമായിരുന്ന കാസർഗോഡ് ജില്ലയിലെ മധൂർ ഗ്രാമത്തിലെ നൂർ മഹൽ വീട്ടിൽ ബീരാൻ ഹാജിയുടെയും നബീസയുടെയും മകനായ മൂനിർ നിരവധി ലക്ഷ്യങ്ങളോടെയും സ്വപ്നങ്ങളോടെയുമാണ് ഗൾഫിലേക്കെത്തുന്നത്. അവിടെ പ്രമുഖ ഫാസ്റ്റ്ഫുഡ് സ്ഥാപനത്തിൽ ഷെഫായും സൂപ്പർവൈസറായും മാനേജരായും 10 വർഷത്തോളം ജോലി ചെയ്യുമ്പോൾ തന്നെ വിവിധ ഭക്ഷണങ്ങൾ ഉണ്ടാക്കുകയും ഗവേഷണം നടത്തുകയും ചെയ്തിരുന്നു. പതിയെ ഗവേഷണം ഫ്രൈഡ് ചിക്കനിലെത്തിയപ്പോൾ ഒരു കിടിലൻ നാടൻ മസാലക്കൂട്ട് സ്വന്തമായി വികസിപ്പിച്ചെടുക്കുകയായിരുന്നു മുനീർ. അത് മുനീറിന്റെ ജീവിതത്തിലെ വലിയൊരു വഴിത്തിരിവായിരുന്നു. മുനീർ കർണാടകയിൽ സുഹൃത്തിന്റെ ഹോട്ടൽ സെറ്റ് ചെയ്യാൻ പോകുകയും അവിടെ മാനേജരായി ജോലി നോക്കുകയുമുണ്ടായി. അതിനിടയിൽ വന്നുപോയ വിവിധ സംസ്ഥാനങ്ങളിലുള്ളവരെല്ലാം മുനീറിന്റെ മസാലക്കൂട്ടിന് 100 ൽ 101 മാർക്ക് നല്കി അഭിപ്രായം പറഞ്ഞു. അങ്ങനെ വന്നപ്പോൾ മുനീർ കൂടുതലായി മസാലക്കൂട്ടിനെക്കുറിച്ചും അതിന്റെ വിപണിയെ ക്കുറിച്ചും റിസർച്ച് നടത്തി. അങ്ങനെ നോക്കിയപ്പോൾ വളരെ ചുരുക്കം ഫാസ്റ്റ് ഫുഡ് മസാലകമ്പനികളാണ് വിപണിയിലുള്ളതെന്ന് മുനീർ മനസ്സിലാക്കി. അതിൽ ഭൂരിഭാഗവും ആഗോള ബ്രാൻഡുകളായിരുന്നു. അങ്ങനെ ആഗോള ബ്രാൻഡുകളോട് മത്സരിക്കാനായി മൂനീർ തന്റെ മകളുടെ പേരായ റൂബ കൂടി ചേർത്ത് അൽറൂബ എന്ന പേരിൽ നാടൻ രീതിയിൽ മസാലപ്പൊടികൾ പൊടിച്ച് കാസർകോഡുള്ള കടകളിലും സൂപ്പർ മാർക്കറ്റുകളിലും എത്തിച്ചു. അതൊരു മാറ്റത്തിന്റെ തുടക്കമായിരുന്നു. ഒട്ടും മായമോ കളറോ ചേർക്കാത്ത അൽ റൂബയുടെ മസാലക്കൂട്ടിനോട് ആദ്യം മുഖം തിരിച്ചവർ പിന്നീട് ഇതിന്റെ ഗുണവും സ്വാദും തിരിച്ചറിഞ്ഞ് ഏറ്റെടുക്കുന്ന കാഴ്ചയായിരുന്നു പിന്നീട് കണ്ടത്. ചിക്കനും, ഓയിലും, പാൽപ്പൊടിയും, മൈദയും, അൽ റൂബ ചിക്കൻ മസാലയുമുണ്ടെങ്കിൽ പിന്നെ ഫ്രൈഡ് ചിക്കൻ ഉണ്ടാക്കാൻ മറ്റൊന്നും വേണ്ടെന്ന തലത്തിലേക്ക് അൽറൂബ ഫ്രൈഡ് ചിക്കൻ മസാല ബിസിനസ്സ് വളർത്തുന്നതിലൂടെ തന്റെ സംരംഭത്തിൽ മുനീർ പൂർണമായും വിജയം കൈവരിച്ചു. ഇപ്പോൾ കേരളത്തിനകത്തും പുറത്തും ഗൾഫ് രാജ്യങ്ങളിലും ന്യൂസിലാൻഡ്, അമേരിക്ക, മലേഷ്യ തുടങ്ങി ഒട്ടനവധി രാജ്യങ്ങളിലും ആവശ്യക്കാർ ഏറെയാണ്.■




mail: info.alruba.co@gmail.com alrubamasala

# കെ.എസ്.എസ്.ഐ.എ. മന്ത്രിമാർക്ക് സ്വീകരണം നല്കി

തിരുവനന്തപുരം അപ്പോളോ ഡിമോറ ഹോട്ടലിൽ വെച്ച് കെ.എസ്.എസ്.ഐ.എ. സംസ്ഥാന ജനറൽ കൗൺസിൽ യോഗത്തിൽ വച്ച് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി.രാജീവ്, റവന്യു വകുപ്പ് മന്ത്രി കെ. രാജൻ, സുമൻ ബില്ല ഐ.എ.എസ് പ്രിൻസിപ്പൽ സെക്രട്ടറി, (ഇൻഡസ്ട്രീസ്), വ്യവസായ വാണിജ്യ ഡയറക്ടർ എസ്. ഹരി കിഷോർ ഐ.എ.എസ്, കിൻഫ്രാ മാനേജിങ്ങ് ഡയറക്ടർ സന്തോഷ് കോശി തോമസ് എന്നിവർക്ക് സ്വീകരണം നല്കി. ലാന്റ് അലോട്ട്മെന്റ് പോളിസി ഉത്തരവായി ഇറക്കിയതിന്റെ അടിസ്ഥാനത്തിലായിരുന്നു യോഗം സംഘടിപ്പിച്ചത്. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷത വഹിച്ച പ്രസ്തുത പരിപാടിയിൽ സംസ്ഥാന വൈസ് പ്രസിഡന്റ് എ.ഫസലുദ്ദീൻ സ്വാഗതം പറഞ്ഞു. മുൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സി. മമ്മദ് കോയ എം.എൽ.എ., ജനറൽ സെക്രട്ടറി പി.ജെ.ജോസ്, മറ്റ് സംസ്ഥാന ഭാരവാഹികൾ ആശംസകൾ നേർന്ന് കൊണ്ട് സംസാരിച്ചു. 14 ജില്ലകളെ പ്രതിനിധാനം ചെയ്യുന്ന ചെറുകിട വ്യവസായികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തിരുന്നു. യോഗത്തിൽ വച്ച് സംസ്ഥാന സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് മന്ത്രിമാർക്കും മറ്റു ഉദ്യോഗസ്ഥന്മാർക്കും നല്കി. കൂടാതെ എല്ലാ ജില്ലാ ഭാരവാഹികളും ഡി.എ./ഡി.പി. പ്രസിഡന്റുമാരും ചേർന്ന് മന്ത്രിമാരെ പൊന്നാട അണിയിച്ചും മെമന്റോ നല്കിയും ആദരിച്ചു. സെൻട്രൽ സോൺ ജോ. സെക്രട്ടറി ബി. ജയകൃഷ്ണൻ ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു.■







സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.



ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് മറുപടി പ്രസംഗം നടത്തുന്നു.




ബഹു. റവന്യു വകുപ്പ് മന്ത്രി കെ. രാജൻ മറുപടി പ്രസംഗം നടത്തുന്നു.



ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്പോ 2024 ന്റെ ലോഗോ പ്രകാശനം ചെയ്യുന്നു.

# ജില്ലാ വാർത്തകൾ



തിരുവനന്തപുരം ലേബർ കമ്മീഷണറേറ്റിലെ കോൺഫറൻസ് ഹാളിൽ ചേർന്ന മിനിമം വേജസ് ഉപദേശക സമിതിയുടെ ഏഴാമത്തെ യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പങ്കെടുത്തു.



കേരള പ്രിന്റേഴ്സ് അസോസിയേഷന്റെ കൊല്ലം ഹെഡ് പോസ്റ്റ് ഓഫീസിനു മുന്നിൽ നടന്ന പ്രകടനവും ധർണ്ണയിലും സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പങ്കെടുത്ത് പ്രിന്റേഴ്സ് അസോസിയേഷൻ നേരിടുന്ന പ്രതിസന്ധികളെ കുറിച്ച് സംസാരിക്കുന്നു.



റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ലാ ഓഫീസിനു മുന്നിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പതാക ഉയർത്തുന്നു.



റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി ഓഫീസിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് പതാക ഉയർത്തുന്നു.



വ്യവസായങ്ങളെ സംബന്ധിച്ച് പാർലമെന്ററി വകുപ്പ് തല സ്ഥിരം സമിതിയുടെ പാർലമെന്റ് എം.പി. മാരുടെ പഠന സന്ദർശന യോഗത്തിൽ കെ.എസ്.എസ്.ഐ.എ. സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് പ്രസംഗിക്കുന്നു.

# ജില്ലാ വാർത്തകൾ




കേരള സർക്കാരും വ്യവസായ വാണിജ്യ വകുപ്പും എറണാകുളം കിൻഫ്രാ ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ നടത്തുന്ന മെഷിനറി എക്സ്പോ 2024 ന്റെ ലോഗോ പ്രകാശനം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർവ്വഹിച്ചു.




കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ലാ ഓഫീസിൽ നടന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയറും ചീഫ് സേഫ്റ്റി ഓഫീസറുമായ ആശ അശോകിന് മെമന്റോ നല്കി ആദരിക്കുന്നു.

## ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ

### കാക്കനാട് കിൻഫ്രായുടെ കീഴിലുള്ള ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.ഐ.എ. യും, മെട്രോ മാർട്ടും സംയുക്തമായി 2024 ഡിസംബർ 13,14,15 തീയതികളിൽ കിൻഫ്രായുടെ കീഴിലുള്ള കാക്കനാട് കിൻഫ്രാ ഇന്റർനാഷണൽ എക്സി ബിഷൻ സെന്ററിൽ വച്ച് നടത്താൻ തീരുമാനിച്ച വിവരം എല്ലാവരേയും അറിയിക്കുന്നു.

## വ്യാപാര ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള സമയ പരിധി 31.03.2024 വരെ നീട്ടി

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്- (G.O. (Rt).No. 326/2024/LSGD, തിയതി, തിരുവനന്തപുരം, 08.02.2024) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ വ്യാപാര വ്യവസായ വാണിജ്യ ലൈസൻ സുകൾ പിഴ കൂടാതെ പുതുക്കു ന്നതിനുള്ള കാലാവധ 31.03.2024 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു,



കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ലാ സംസ്ഥാന കമ്മിറ്റി അംഗവും, ഡി.എ/ഡി.പി. സബ് കമ്മിറ്റി കൺവീനറുമായ സോജൻ ജോസഫിന്റെ മകൻ അരുണും ഡോ. നീതുവും തമ്മിലുള്ള വിവാഹ ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ, കെ.എസ്.എസ്. ഐ.എ. സംസ്ഥാന-ജില്ലാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.



കേരള സർക്കാരും വ്യവസായ വാണിജ്യ വകുപ്പും നടത്തുന്ന മെഷിനറി എക്സ്പോ 2024 ന്റെ ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ, വ്യവസായ വാണിജ്യ ഡയറക്ടർ എസ്. ഹരി കിഷോർ ഐ.എ.എസ്, കിൻഫ്രാ എം.ഡി. സന്തോഷ് കോശി തോമസ് എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തുന്നു.



sidbi

# MSME GREEN INVESTMENT AND FINANCING FOR TRANSFORMATION SCHEME

(MSME-GIFT SCHEME)

A SUB-SCHEME UNDER

## Raising and Accelerating MSME Performance (RAMP)

### INTRODUCTION

Promotion and adoption of green technologies and clean energy sources in MSMEs is critical for making MSMEs in India sustainable. India has also committed to reducing emissions intensity by 45 percent by 2030, from the 2005 level to the United Nations Framework Convention on Climate Change (UNFCCC). India's existing Nationally Determined Contributions (NDC) includes its long-term goal of reaching net zero by 2070.

In order to address these challenges faced by MSMEs and fulfill the commitments made with respect to sustainability, the Ministry of MSME has launched sub scheme named MSME Green Investment Financing for Transformation (MSME GIFT) Scheme under the RAMP Programme. RAMP is a World Bank supported Central Sector Scheme aimed at improving access of MSMEs to credit, market, and technology.

The overall objective of the MSME GIFT Scheme is to provide support to the MSMEs in accessing institutional finance at a concessional rate for adopting clean / green technologies and help them to transform into green and sustainable business operations.

### OBJECTIVES

- To promote the adoption of sustainable and eco-friendly practices and technologies and renewable energy sources.
- To provide concessional financial assistance to MSMEs for investments in the adoption of green technologies and practices.
- To create awareness about the best practices, promote knowledge sharing and benefits of the adoption of green technologies and practices.

### COMPONENTS OF THE SCHEME

- The Scheme has components of Interest Subvention, Risk sharing and generating awareness.
- Interest subvention of 2% per annum, for period of 5 years, up to a term loan limit of INR 2 crores for Micro and Small enterprises.
- Risk sharing: Loans to MSEs up to INR 2 crore would be covered under this component. Rs 125 crores will be used to provide credit guarantee to the participating MLIs (75% of guaranteed coverage for eligible loans).

### ELIGIBILITY AND COVERAGE OF THE SCHEME

- MSME registered under the Udyam Registration portal are eligible.
- Member Lending Institution (MLIs): Scheduled commercial bank/ All India Financial Institution including SIDBI, Small Finance Banks/ Micro Finance Institutions/ Non-Banking Finance Companies can become a Member Lending Institution (MLI).

### SCHEME DURATION

- 3 years (FY 2023-24 to 2025-26)

### IMPLEMENTING PARTNERS

- Implementing Agency – Small Industries Development Bank of India (SIDBI).
- All Scheduled Commercial Banks, All India Financial Institutions, Small Finance Banks, and Non-Banking Financial Companies (NBFCs), Micro Finance Institutions (MFIs) are eligible to participate in the Scheme, after signing a Memorandum of Understanding (MoU) with SIDBI.

### SECTORS COVERED

Indicative list of the sectors covered

- Resource Efficiency, Waste Management
- Adaptations (water management, water efficiency, wastewater treatment)
- Green Buildings
- Environmental Protection (pollution control & prevention)
- Clean Transportation (electric, hybrid, EV Charging stations)
- Waste Management (Compressed Biogas, Bio-ethanol, e-waste, waste to energy, LNG, smart grids)
- Carbon Credit, Carbon Capture and Storage
- Any new innovative project with potential for a high impact on climate upon necessary approval

### EXPECTED IMPACT

- It would benefit about 12000 MSMEs and will lead to annual energy savings of 1600 GWh and an annual saving of around Rs. 1200 crores to MSMEs.
- It would help 1.5 million tCO2 annual reductions avoiding an estimated social cost of carbon of Rs. 1100 crores.

*Please visit our website **www.msme.gov.in/** for more details.*

सत्यमेव जयते


**GOVERNMENT OF INDIA**

**MINISTRY OF MICRO, SMALL & MEDIUM ENTERPRISES**

25th February 2024, Kalamassery
Regn. No. KERBIL/2005/23143
KSSIA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00

केनरा बैंक
Canara Bank
A Government of India Undertaking
Together We Can

Business-friendly & feature-packed



Canara DELITE CURRENT ACCOUNT

- Rent-FREE 3 PoS Terminals
- Corporate Credit Card with FREE issuance & AMC Charge (One main card & up to 99 add-on cards)
- Unlimited FREE Cash Withdrawals
- FREE RuPay Select Debit Card to Beneficial Owner with add-on features
- FREE Insurance Coverage under RuPay Select Debit Card
- Other Operational Charges like RTGS / NEFT / IMPS / SMS / Cheque Book-FREE

T&C apply

Discover a world of Banking possibilities...

Canara Bank API BANKING Smart Corporate Suite

50+ FEATURES available for CORPORATES

canarabank | canarabankofficial | canarabankinsta

Call Canara ☎1800 1030 www.canarabank.com

Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.